# വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2017

# വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും

Cor-Episcopo K. Mani Rajan

First Edition 2017

*Copyright Reserved*

*All rights reserved. No reproduction or translation in whole or part is allowed without written permission from the author.*

*Price* Rs. 45.00

*Typesetting and Cover Design by:*
Julius C. Abraham, megapixel Graphics, Kottayam

*Printed at:*
Mor Julius Press, Puthencruz

*Published By:*
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

*Phone: + 91 484 2255581, 3299030*

*Copies:* 1000

# ഉള്ളടക്കം


*ആമുഖം* .......... v

1. വിശുദ്ധ കന്യകമറിയാം .......... 1

2. പരിശുദ്ധനായ പത്രൊസ് ശ്ലീഹാ .......... 14

3. പരിശുദ്ധനായ പൗലോസ് ശ്ലീഹാ .......... 18

4. വിശുദ്ധ അന്ത്രയോസ് ശ്ലീഹാ .......... 22

5. സബ്ദായുടെ പുത്രനായ വിശുദ്ധ യാക്കോബ് ശ്ലീഹാ .......... 26

6. സുവിശേഷകനായ വിശുദ്ധ യോഹന്നാൻ ശ്ലീഹാ .......... 29

7. വിശുദ്ധ ഫിലിപ്പോസ് ശ്ലീഹാ .......... 32

8. വിശുദ്ധ ബർത്തുൽമായി ശ്ലീഹാ .......... 35

9. മോർ തോമാശ്ലീഹാ .......... 38

10. സുവിശേഷകനായ വിശുദ്ധ മത്തായി ശ്ലീഹാ .......... 45

11. അൽഫായി പുത്രനായ വിശൂദ്ധ യാക്കോബ് ശ്ലീഹാ .......... 47

12. വിശുദ്ധ യൂദാ ശ്ലീഹാ .......... 49

13. വൈരാഗ്യക്കാരനായ വിശുദ്ധ ശെമവൂൻ ശ്ലീഹാ .......... 51

14. വിശുദ്ധ മത്ഥിയാസ് ശ്ലീഹാ .......... 54

*References* .......... 57

*Name Index* .......... 61

*Books by the Author* .......... 63

*ഗ്രന്ഥകർത്താവ്* .......... 67

# ആമുഖം

'*വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*' എന്ന ഈ പുസ്തകത്തിൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും പതിമൂന്നു ശ്ലീഹന്മാരുടെയും ജീവചരിത്രങ്ങളാണ് ഉൾപ്പെടുത്തിരിക്കുന്നത്. സണ്ടേസ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ ജീവചരിത്രസംഗ്രഹം പ്രയോജനപ്പെടുമെന്നു കരുതുന്നു.

വിശുദ്ധ കന്യകമറിയാം ഏറെ പ്രായം ചെന്ന ശേഷമാണ് നിത്യ വിശ്രമത്തിൽ പ്രവേശിച്ചതെന്ന് ചില ജീവചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അബ്ദൂൾ ആഹാദ് റമ്പാച്ചൻ (1948) വിശുദ്ധ കന്യകമറിയാം യേശുമശിഹായുടെ സ്വർഗ്ഗാരോഹണത്തിനുശേഷം അഞ്ചുവർഷങ്ങൾ മാത്രമേ ജീവിച്ചിരുന്നുള്ളുവെന്നും അൻപത്തൊന്നാം വയസ്സിൽ യെരുശലേമിൽവച്ച് നിത്യവിശ്രമത്തിൽ പ്രവേശിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതുമാത്രമല്ല സുറിയാനി സഭ. വിശുദ്ധ കന്യകമറിയാമിനെ എപ്രകാരം പരിഗണിക്കുന്നുവെന്നും വിശദമാക്കേണ്ടതുണ്ട്. ഈ കാലഘട്ടത്തിൽ സുറിയാനി സഭയുടെ പാരമ്പര്യങ്ങളും വിശ്വാസാചാരങ്ങളും വെല്ലുവിളികൾ നേരിടുമ്പോൾ അവ ഏതെന്ന് സ്പഷ്ടമാക്കേണ്ടതും അത്യാവശ്യമാണ്. പരിശുദ്ധ ശ്ലീഹന്മാരുടെ ജീവചരിത്ര വസ്തുതകൾ സുറിയാനി സഭയുടെ പ്രാർത്ഥനകളിൽ ഉദ്ധരിച്ചിരിക്കുന്നതും സഭയുടെ വിശ്വാസപാരമ്പര്യം ചരിത്ര വസ്തുകളുമായും വിശുദ്ധ ഗ്രന്ഥവുമായും ഇഴചേർന്നിരിക്കുന്നുവെന്നതും വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്.

വൈരാഗ്യക്കാരനായ ശെമവൂൻ എന്നറിയപ്പെടുന്ന ശ്ലീഹ കാനായിൽ നിന്നുള്ളവനാണെന്ന് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. അതുപോലെയുള്ള അബദ്ധ ധാരണകൾ ഈ പുസ്തകത്തിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ വിശുദ്ധ കന്യകമറിയാമിനെ സംബന്ധിച്ചും വിശുദ്ധ ശ്ലീഹന്മാരെ സംബന്ധിച്ചും ധാരാളം അറിവുകൾ ലഭ്യമാണ്. എന്നാൽ അപ്പോസ്തോലിക പിതാക്കന്മാർ നമ്മെ ഭരമേൽപ്പിച്ചതും സുറിയാനി സഭാ പാരമ്പര്യത്തിൽ അടിത്തറയുള്ളതുമായ വസ്തുതകൾ അടുത്ത തലമുറയെ കുറവുകൂടാതെ ഏൽപ്പിക്കുക എന്നതാണ് നമ്മുടെ ദൗത്യം.

ആശ്രിത ഗ്രന്ഥങ്ങളുമായി ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ എഴുത്തുകാരേയും നന്ദിയോടെ അനുസ്മരിക്കുന്നു. '*The search of the twelve Apostles*' എന്ന പുസ്തകം എനിക്കു സമ്മാനിച്ച എന്റെ ഭാര്യാ സഹോദരൻ ശ്രീ അജി ജേക്കബ് കുര്യൻ ഞാൻ അന്വേഷിച്ചുകൊണ്ടിരുന്ന പല ചരിത്രസത്യങ്ങളും അതിൽ നിന്ന് ലഭിക്കുന്നതിനിടയാക്കി.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത ജെ. എസ്. സി. പ്രസിദ്ധീകരണ വിഭാഗത്തോടും അതിന്റെ പ്രവർത്തകരോടുമുള്ള നന്ദിയറിക്കുന്നു. ഈ പുസ്തകത്തിന്റെ ഡി.റ്റി.പി. ജോലികൾ നിർവ്വഹിക്കുകയും കവർ രൂപകൽപന ചെയ്യുകയും ചെയ്ത ശ്രീ. ജൂലിയസ് സി. ഏബ്രഹാമിനോടുള്ള നന്ദിയറിയിക്കുന്നു.

സുറിയാനി സഭയുടെ വിശ്വാസപരവും ചരിത്രപരവുമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഈ ജീവചരിത്ര സംഗ്രഹങ്ങൾ പ്രയോജനപ്പെടുമെന്ന് ആശിക്കുന്നു.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
14 സെപ്റ്റംബർ 2017

# വിശുദ്ധ കന്യകമറിയാം
## (ബി. സി. 14? - ഏ. ഡി. 37?)

വി. കന്യകമറിയാമിന്റെ ജനനത്തെ സംബന്ധിച്ചും നിര്യാണത്തെ സംബന്ധിച്ചും കൃത്യമായ വിവരണങ്ങളൊന്നും വിജ്ഞാനകോശങ്ങളിൽ ലഭ്യമല്ല. കന്യകമറിയാം നേർച്ചപുത്രിയായി യെരൂശലേം ദൈവാലയത്തിൽ വളർത്തപ്പെട്ടുവെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട് (e.g., Abdul Ahad, 1948). കന്യകമറിയാം യെഹൂദഗോത്രത്തിലും ദാവീദുവംശത്തിലും പെട്ട ഏലിയാസാറിന്റെ രണ്ടാമത്തെ പുത്രനായ യൂയാക്കീമിന്റെയും (Joachim, യൂനോക്കീർ, ഹേലി) ലേവിഗോത്രത്തിൽ അഹറോന്റെ വംശത്തിൽപെട്ട ഹന്നയുടെയും (Ann, ദീന) പുത്രിയായി ബി. സി. 14ൽ ജനിച്ചുവെന്ന് കരുതപ്പെടുന്നു.

കന്യകമറിയാമിന് വിവാഹനിശ്ചയം ചെയ്യപ്പെട്ട യൗസേഫ് യാക്കോബിന്റെ മകനാണെന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ (മത്താ. 1:16) പറഞ്ഞിരിക്കുന്നു. യൗസേഫ് ഹേലിയുടെ പുത്രൻ എന്ന് വി. ലൂക്കോസിന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു (ലൂക്കൊ. 3:23). ഇതിനുകാരണം സ്വഭാവപ്രകാരം യൗസേഫ് യാക്കോബിന്റെയും പ്രമാണമനുസരിച്ച് ഹേലിയുടെയും പുത്രനായിരുന്നു. എന്തെന്നാൽ യൗസേഫ് ഹേലിയുടെ (യൂയാക്കീം) പുത്രി മറിയാമിന് വിവാഹം നിശ്ചയിക്കപ്പെട്ടവനായിരുന്നു. യൗസേഫിന്റെയും മറിയാമിന്റെയും പിതാമഹൻ മാഥാനാണ് (Abdul Ahad, 1948). യൗസേഫ് നസ്രേത്തിൽ നിന്നുള്ള ഒരു മരപ്പണിക്കാരനായിരുന്നു. യൗസേഫിന് ഏഴ് മക്കളുണ്ടായിരുന്നു. ആ ഏഴുപേരിൽ പെട്ടവരായ യാക്കോബ്, ശെമവൂൻ, യോസി,

യെഹൂദ എന്നിവരെയാണ് കർത്താവിന്റെ സഹോദരന്മാരെ ന്നു പറഞ്ഞിരിക്കുന്നത് (മർക്കൊ. 6:3).

ഒരിക്കൽ കന്യകമറിയാമിന്റെ മാതാപിതാക്കളായ യൂയാക്കീമിന്റെയും ഹന്നായുടെയും കാഴ്ച (നേർച്ച) പുരോഹിതന്മാർ നിരസിച്ചു. കാരണം, ഹന്ന വന്ധ്യയായിരുന്നുവെന്നതാണ്. പ്രായമേറെ ചെന്നിട്ടും ഗലീലിയൻ ഗ്രാമത്തിൽ ജീവിച്ചിരുന്ന ഈ ദമ്പതികൾക്ക് മക്കളില്ലായിരുന്നു. ഈ അപമാനം നിമിത്തം അവർ കണ്ണുനീരോടെ പ്രാർത്ഥിക്കുകയും അവർക്കുണ്ടാകുന്ന കുഞ്ഞിനെ ദൈവത്തിനു നേർച്ചയായി കൊടുക്കുന്നതിനും തീരുമാനിച്ചു. അങ്ങനെ അവരുടെ യാചനയ്ക്ക് ഉത്തരമായി ലഭിച്ച മകൾക്ക് പ്രകാശമെന്നർത്ഥമുള്ള മറിയാം എന്നു പേരിട്ടു. ഈ മറിയാം മൂന്നു വയസ്സുള്ളപ്പോൾ നേർച്ചയായി യെരൂശലേം ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ടു.

മൂന്നു വയസ്സു മുതൽ 13 വയസ്സുവരെ മറിയാം ദൈവാലയത്തിൽ താമസിച്ച് വി. വസ്ത്രങ്ങളും അലങ്കാരങ്ങളും തയ്ച്ചു വി. ദൈവാലയത്തിൽ ശുശ്രൂഷകൾ ചെയ്തു ജീവിച്ചുവന്നു. 13 വയസ്സിനുശേഷം ദൈവാലയത്തിൽ തുടർന്ന് താമസിക്കുന്നത് യോഗ്യമല്ല എന്ന ദൈവിക ആലോചനപ്രകാരം വിവാഹം നിശ്ചയിക്കപ്പെട്ടു.

യൗസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ട കന്യകമറിയാമിന്റെ അടുക്കൽ മാലാഖയുടെ അറിയിപ്പ് (ലൂക്കൊ. 1:27) മുതലാണ് പുതിയനിയമത്തിൽ മറിയാം പ്രത്യക്ഷപ്പെടുന്നത്. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പ്രാർത്ഥനയിൽ ഏകമനസ്സോടെ ഇരിക്കുമ്പോഴാണ് (അപ്പൊ. പ്ര. 1:14) മറിയാമിനെ അവസാനമായി പുതിയ നിയമത്തിൽ കാണുന്നത്. ഇതിനിടയിൽ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോഴും (ലൂക്കൊ. 2: 21-25), പെസഹാപെരുന്നാളിന് യെരുശലേമിലേക്ക് പോയപ്പോഴും (ലൂക്കൊ. 2:41-43), കാനാവിലെ കല്യാണത്തിലും (യോഹ. 2:1-2), യേശുവിന്റെ പരസ്യശുശ്രൂഷയുടെ ഒരവസരത്തിലും (മർക്കൊ. 3:31), കുരിശിന്റെ ചുവട്ടിലും (യോഹ. 19:25-26) കന്യകമറിയാമിനെ പ്രവർത്തനനിരതയായി കാണുന്നുണ്ട്.

ദൈവമാതാവായ വി. മറിയാമിനോടുള്ള മധ്യസ്ഥതയും പ്രത്യേക ആദരവും അപ്പൊസ്തോലികകാലം മുതൽ നില നിന്നിരുന്നു. സുറിയാനിസഭയിൽ ദൈവമാതാവിന്റെ 8 പെരുന്നാളുകളാണ് ആചരിച്ചുവരുന്നത്.

| | | |
|---|---|---|
| ജനുവരി 15 | - | വിത്തുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ (മധ്യസ്ഥത) |
| മാർച്ച് 25 | - | വചനിപ്പ് (അറിയിപ്പ്) പെരുന്നാൾ |
| മെയ് 15 | - | കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ (മധ്യസ്ഥത) |
| ജൂൺ 15 | - | ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ചതിന്റെ ഓർമ്മ |
| ആഗസ്റ്റ് 15 | - | ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ, മുന്തിരിത്തണ്ടുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ (മധ്യസ്ഥത) |
| നവംബർ ? | - | കന്യകമറിയാമിനോടുള്ള അറിയിപ്പ് ക്രിസ്തുമസ്സിന് ഏതാണ്ട് നാലാഴ്ച മുമ്പും ആചരിക്കുന്നു. |
| സെപ്റ്റംബർ 8 | - | കന്യകമറിയാമിന്റെ ജനനപെരുന്നാൾ |
| ഡിസംബർ 26 | - | ദൈവമാതാവിന്റെ പുകഴ്ചപെരുന്നാൾ |

വിശുദ്ധ കന്യകമറിയാമിനെ സംബന്ധിച്ച് ക്രൈസ്തവ സഭകൾ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുന്നുവെന്നത് ഒരു വസ്തുതയാണ്. വി. മറിയാമിനെ ആദിമസഭ എങ്ങനെ പരിഗണിച്ചിരുന്നുവെന്നത് ഇന്നും തർക്കവിഷയമാണ്. വേദപുസ്തകം മാത്രം ആശ്രയിക്കുന്ന നവീന സഭകൾക്ക് ആദിമസഭയുടെ ചരിത്രവും പാരമ്പര്യവും അപ്രസക്തവുമാണ്. അപ്പൊസ്തോലന്മാർ വി. മറിയാമിനെ സംബന്ധിച്ച് എന്തു വിശ്വാസം പുലർത്തിയിരുന്നുവെന്ന് ചരിത്രപരമായ തെളിവുകളുടെയും സുറിയാനിസഭയുടെ ആരാധനാക്രമങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതാണ്.

വി. കന്യകമറിയാം വിശുദ്ധ ജീവിതത്തിന് മാതൃകയാണെന്ന് സെക്റ്റേറിയൻ സഭകളൊഴിച്ചുള്ള സഭാവിഭാഗങ്ങൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ വി. മറിയാമിനെ സംബന്ധിക്കുന്ന വിശ്വാസാചാരങ്ങളിൽ പലതിനും വേദപുസ്തകത്തിന്റെ തൃപ്തികരമായ പിൻബലമില്ലെന്നാണ് ചില സഭകളുടെ നിലപാട്. എക്യുമെനിസത്തിന്റെ കാലഘട്ടത്തിൽ ഈ വ്യത്യാസങ്ങൾ പെരുപ്പിച്ച് കാണിക്കുന്നത് അടിസ്ഥാനക്രിസ്തീയ വിശ്വാസങ്ങളുടെ തുച്ഛീകരണത്തിന് കാരണമാകുമോ എന്നതാണ് ഗൗരവമേറിയ പ്രശ്നം.

വി. കന്യകമറിയാമിനെ സംബന്ധിച്ച് ആറു കാര്യങ്ങൾ, സുറിയാനിസഭയുടെ വിശ്വാസാടിസ്ഥാനത്തിൽ ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നു: (1) കർത്താവിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാമിന്റെ പങ്ക്, (2) വി. കന്യകമറിയാമിന്റെ 'സഹരക്ഷക' എന്ന അപരനാമം, (3) അമലോത്ഭവസിദ്ധാന്തം, (4) വി. മറിയാം നിത്യകന്യക, (5) കന്യകമറിയാം വിശുദ്ധ ദൈവമാതാവ്, (6) യേശു ഏക മധ്യസ്ഥൻ എന്നീ ആറുകാര്യങ്ങൾ ഒന്നിൽനിന്ന് മറ്റൊന്ന് പൂർണ്ണമായി മാറ്റി നിർത്താവുന്നതല്ല.

### (1) കർത്താവിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാമിന്റെ പങ്ക്

പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാർ കന്യകമറിയാമിനുള്ള പ്രത്യേക ആദരവ് തന്റെ പുത്രനായ യേശുവിൽ നിന്നുള്ള ബന്ധത്തിൽ നിന്നു മാത്രം ഉരുത്തിരിയുന്നതായി പരിഗണിക്കുന്നു. യേശുവിന്റെ അമ്മ എന്ന പദവി ഒഴിച്ചു നിർത്തിയാൽ സ്വതന്ത്രമായ ഒരു മൂല്യവും വി. കന്യകമറിയാമിനില്ലെന്നും, മറ്റേതു സ്ത്രീക്കും നൽകാവുന്ന മഹത്ത്വം മാത്രമേ കന്യകമറിയാമിനുള്ളൂ എന്നുമാണ് അവരുടെ അഭിപ്രായം. ചുരുക്കത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാം ഒരു നിഷ്ക്രിയ (passive) ഉപകരണമായിരുന്നുവെന്നാണ് അവർ പഠിപ്പിക്കുന്നത്.

യേശുവിന്റെ ജഡധാരണത്തിനായി ഒരു സ്ത്രീ ആവശ്യ മായിരുന്നു (ഉല്പ. 3:15; ഗലാ. 4:4). എന്നാൽ യേശുവിനെ ഗർഭം ധരിക്കുന്നതും ആ ശിശുവിനെ ഉദരത്തിൽ വഹിക്കുക എന്നുള്ളതും ഏതൊരു സ്ത്രീക്കും സാധ്യമായിരുന്നു എന്ന് ചിന്തിക്കുന്നത് ശരിയായിരിക്കുകയില്ല. കാരണം ''ദൈവകൃ പയാൽ തെരഞ്ഞെടുക്കപ്പെടുക'' (ലൂക്കൊ. 1:30) എന്നത് നിസ്സാരമായി കാണാവുന്നതല്ല. ദൈവകൃപയ്ക്ക് പാത്രമാ യിത്തീർന്ന സ്ത്രീ തെരഞ്ഞെടുക്കപ്പെട്ടു. വി. കന്യകമറിയാം ധൈര്യമില്ലായ്മകൊണ്ട് കീഴടങ്ങിയ (timidly submissive) ഒരു സ്ത്രീയായി ചിന്തിക്കുന്നത് തെറ്റാണ്. കാരണം ആ ഭാഗ്യവതി (ലൂക്കൊ. 1:48) പ്രഖ്യാപിക്കുന്നു. ''പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി താണവരെ ഉയർത്തിയി രിക്കുന്നു'' (ലൂക്കൊ. 1:52). ''നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ'' (ലൂക്കൊ. 1:38) എന്ന സമർപ്പണം ബലഹീനത യിൽ നിന്നല്ല, പ്രത്യുത ദൈവത്തിൽ നിന്നുള്ള അറിയിപ്പിന്റെ സാധ്യത അംഗീകരിച്ചതുകൊണ്ടാണ് (ലൂക്കൊ. 1:45).

വി. കന്യകമറിയാം യേശുവിന്റെ അമ്മയായത് 'കൃപ യാൽ മാത്രം' (sola gratia) എന്ന ഒരു വാദഗതിയുണ്ട്. ഈ ചിന്ത മനുഷ്യന് യഥേഷ്ടം പ്രവർത്തിക്കുവാനുള്ള സ്വാത ന്ത്ര്യം (free will) എന്ന അടിസ്ഥാന ദൈവശാസ്ത്രത്തിന്റെ നിഷേധമാണ്. ''നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായി തീരരുത്'' (2 കൊരി. 6:1) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ ദൈവകൃപ വ്യർത്ഥമായി തീരാതിരിക്കാൻ മനുഷ്യന്റെ സ ഹായകമായ പ്രതികരണവും സഹകരണവും അത്യന്താപേ ക്ഷിതമാണെന്ന് മനസ്സിലാക്കാം.

വി. കന്യകമറിയാമിനുണ്ടായ അരുളപ്പാടിന് (ലൂക്കൊ. 1:30–31) ക്രിയാത്മകമായ പ്രതികരണം ആവശ്യമായിരുന്നു. ദൈവദൂതനുമായുള്ള സംഭാഷണം ഈ പ്രതികരണത്തി ന്റെ സ്പഷ്ടീകരണമാണ്. ''രക്ഷയ്ക്കായി പ്രവർത്തിപ്പിൻ'' (ഫിലി. 2:12) എന്ന ആഹ്വാനം ദൈവകൃപയ്ക്കും ആലോച നയ്ക്കും ആവശ്യമായ പ്രതികരണമാണ് സൂചിപ്പിക്കുന്നത്.

മനുഷ്യന്റെ ‘‘രക്ഷ’’ (salvation) സാധ്യമാകുന്നത് അവന്റെ സ്വയപരിശ്രമത്താൽ മാത്രമോ ദൈവത്തിന്റെ ഏകപക്ഷീയമായ പ്രവൃത്തികൊണ്ടോ അല്ല. മറിച്ച് ദൈവപ്രചോദിതമായ മനുഷ്യസഹകരണത്തിന്റെ പരിണിതഫലമാണ്. ഈ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ വി. കന്യകമറിയാമിന്റെ രക്ഷാകരപദ്ധതിയിലെ ചൈതന്യമുള്ള പങ്കിനെ തള്ളിക്കളയാവുന്നതല്ല.

‘കൃപയാൽ മാത്രം’ എന്ന ആശയം ശരിയാണെന്ന് ചിന്തിച്ചാൽ കൃപ ഒരു വ്യക്തിയിലേക്ക് ഏകപക്ഷീയമായി നിർബന്ധപൂർവ്വം സംവഹിക്കുന്ന ഒരു അവസ്ഥ സംജാതമാകുന്നു. ആ അവസ്ഥയിൽ മനുഷ്യന്റെ അസ്തിത്വവും സ്വതന്ത്രചിന്തയും അസ്തമയബിന്ദുവിലെത്തുന്നു. ഉത്തരവാദിത്വം, സ്വതന്ത്രചിന്ത, വിവേചനശക്തി എന്നിവയെല്ലാം അടിയറവയ്ക്കുന്ന ഒരവസ്ഥ അഥവാ മുൻനിർണ്ണയിക്കപ്പെട്ടതിനോടുള്ള അപ്രധാനമായ വ്യക്തിഗത കീഴടങ്ങൽ (sub personal) എന്ന നിലയിലേക്കു തരംതാഴുന്നു. വി. കന്യകമറിയാം ദൈവകൃപയ്ക്ക് പാത്രമായി പ്രതികരിച്ചതിനാൽ ദൈവകൃപയുടെയും മനുഷ്യന്റെ ശരിയായ പ്രതികരണത്തിന്റെയും ഉത്തമോദാഹരണമാണ്.

### (2) വി. കന്യകമറിയാമിന്റെ ‘സഹരക്ഷക’ എന്ന അപരനാമം

യേശുവിന്റെ രക്ഷാകരപദ്ധതിയിൽ കന്യകമറിയാമിന് ഒഴിച്ചുകൂടാനാവാത്ത പങ്കുണ്ടായിരുന്നുവെന്ന് കണ്ടുകഴിഞ്ഞു. ഈ ഒഴിച്ചു കൂടാനാവാത്ത പങ്കിന്റെ പരിമാണം സംബന്ധിച്ച് കത്തോലിക്കാസഭയും പ്രൊട്ടസ്റ്റന്റ് സഭകളും രണ്ടു ധ്രുവങ്ങളിലാണ്. റോമൻ കത്തോലിക്കാസഭ വി. കന്യകമറിയാമിനെ സഹരക്ഷക (corredemptrix) എന്ന അപരനാമത്തിലാണ് പരാമർശിക്കുന്നത്. രക്ഷകനായ യേശുക്രിസ്തുവിനോട് തുല്യതയുള്ള നിലയിലാണ് സഹരക്ഷക എന്ന പ്രയോഗം വ്യാഖ്യാനിക്കപ്പെടുന്നത്. പ്രൊട്ടസ്റ്റന്റ് സഭകളുടെ നിലപാട് മേൽവിവരിച്ചിരിക്കുന്നതിനാൽ ആവർത്തിക്കുന്നില്ല.

യേശുമശിഹായുടെ രക്ഷാകരബലി കന്യകമറിയാമിനു വേണ്ടിയും ആയിരുന്നില്ലേ? സുറിയാനി ഓർത്തഡോക്സ് സഭയുടെ (അന്ത്യോഖ്യൻ ക്രമം) വി. കുർബ്ബാനയർപ്പണത്തിനു ശേഷമുള്ള രഹസ്യപ്രാർത്ഥനയിൽ ''ഇന്ന് ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ കുർബ്ബാനയിൽ ദൈവമായ കർത്താവും തന്റെ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പ്രീതിപ്പെട്ട് ഇതുമൂലം തന്റെ ജനനിക്കും . . . ആശ്വാസവും നല്ല ഓർമ്മയും ലഭിക്കുവാൻ ഇടയാകട്ടെ'' എന്ന് പ്രാർത്ഥിക്കുന്നുണ്ട്. മാത്രവുമല്ല ''ആദാം മൂലം എല്ലാ മനുഷ്യരും മരിക്കുന്നതെങ്ങനെയൊ അങ്ങനെതന്നെ മശിഹാ മൂലം എല്ലാവരും ജീവിക്കുന്നു'' (1 കൊരി. 15:22), ''ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിലേക്ക് പ്രവേശിച്ച പ്രകാരം തന്നെ, സകല മനുഷ്യരും പാപം ചെയ്കയാൽ അവരിലും മരണം കടന്നിരിക്കുന്നു'' (റോമർ 5:12) എന്നീ പ്രയോഗങ്ങളിൽ വി. കന്യകമറിയാം ഉൾപ്പെട്ടിരുന്നു എന്ന് ചിന്തിക്കുന്നതായിരിക്കും യുക്തിഭദ്രം. ആയതിനാൽ സുറിയാനിസഭ വി. കന്യകമറിയാമിനെ സഹരക്ഷക എന്ന് പഠിപ്പിക്കുന്നില്ല.

യേശുവിന്റെ അമ്മയായ കന്യകമറിയാമിന് യേശു വിലയൊന്നും കല്പിച്ചിരുന്നില്ല എന്നു പ്രചരിപ്പിക്കുന്നതിനായി ''ആരാണ് എന്റെ അമ്മ? . . . ഇതാ എന്റെ അമ്മ, എന്റെ സഹോദരന്മാർ. എന്തെന്നാൽ ദൈവഹിതം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു'' എന്നുപറഞ്ഞു (മർക്കൊ. 3:31-35). ഈ സുവിശേഷഭാഗം സാഹചര്യത്തിൽനിന്നും ആത്മികഅർത്ഥത്തിൽ നിന്നും ഭിന്നമായി കാണുന്നവരുണ്ട്. എന്നാൽ ദൈവേഷ്ടം ചെയ്യുന്നവർ വി. കന്യകമറിയാമിനെപ്പോലെ യേശുവിനെ വഹിക്കുന്നവരാണ്; പിതാവിന് പുത്രന്മാരും ക്രിസ്തുവിനു സഹോദരന്മാരും സഹോദരികളുമാണ് (മാമോദീസാക്രമം) ഈ പദവിയെയാണ് യേശു എടുത്തുപറയുന്നത്.

''എന്റെ മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?'' എന്ന കന്യകമറിയാമിന്റെ ചോദ്യവും ''ഞാൻ എന്റെ പിതാവി

ന്റെ ഭവനത്തിൽ ആയിരിക്കേണ്ടതാകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?'' (ലൂക്കൊ. 2:48-49) എന്ന സംഭാഷണങ്ങളും, ''സ്ത്രീയേ, എനിക്കും നിനക്കും എന്ത്?'' (യോഹ. 2:4) എന്ന കാനാവിലെ സംഭാഷണവും വി. മറിയാമിന് യേശുവിന്റെ ദൗത്യത്തെക്കുറിച്ച് അറിവില്ലായിരുന്നു എന്ന് പഠിപ്പിക്കുന്നതിന് പലരും എടുത്തുകാണിക്കുന്നുണ്ട്. എന്നാൽ കന്യകമറിയാം ഈ വചനങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു (ലൂക്കൊ. 2:19) അഥവാ ഹൃദയത്തിൽ സൂക്ഷിച്ചു (ലൂക്കൊ. 2:51). ഈ ചിന്തകളും ധ്യാനങ്ങളും വി. കന്യകമറിയാമിന്റെ സമർപ്പണത്തിൽനിന്നും വിഭിന്നമാകാൻ സാധ്യതയില്ല.

**(3) അമലോത്ഭവ സിദ്ധാന്തം**

വി. കന്യകമറിയാം അമലോത്ഭവ (immaculate conception) യാണെന്ന് 1854ൽ പോപ് പയസ് 9-ാമൻ പ്രഖ്യാപിച്ചു. റോമൻ കത്തോലിക്കാസഭയുടെ വിശ്വാസമനുസരിച്ച് വി. കന്യകമറിയാമിന് ജന്മ (ആദ്യ) പാപമില്ലായിരുന്നുവെന്നോ അഥവാ ദൈവത്തിന്റെ പ്രത്യേക കൃപ മുഖാന്തരം ജന്മപാപമില്ലാതെ (without original sin) വി. മാതാവിനെ മുൻകൂട്ടി കരുതിയിരുന്നുവെന്നോ അവർ വിശ്വസിക്കുന്നു. വിശുദ്ധനായ യേശുവിന് വസിക്കുന്നതിന് വിശുദ്ധയായ (ജനനത്തിങ്കൽ തന്നെ) കന്യകയെ ഒരുക്കിയെന്ന ചിന്താഗതിയിൽ നിന്നാണ് ഈ വിശ്വാസം ഉടലെടുത്തത്. റോമൻ കത്തോലിക്കാസഭ ഒഴികെ മറ്റു സഭകളൊന്നും ഇതംഗീകരിക്കുന്നില്ല.

അമലോത്ഭവം വി. കന്യകമറിയാമിനെ ആദാമിന്റെ സന്തതികളിൽനിന്ന് വ്യത്യസ്തയാക്കുന്നുവെന്ന അഭിപ്രായം പ്രബലമാണ്. ആദാമ്യപാപത്തിൽ നിന്ന് വി. കന്യകമറിയാം വിമുക്തയാണെന്ന് ചിന്തിച്ചാൽ (ആദാമിൽ എല്ലാവരും മരിക്കുന്നു) ക്രിസ്തുവിലൂടെയുള്ള (രണ്ടാം ആദാം) രക്ഷ കന്യകമറിയാമിന് ആവശ്യമില്ലായിരുന്നുവെന്നർത്ഥം. അതിനാലാണ് സഹരക്ഷകയെന്ന അപരനാമം കത്തോലിക്കാസഭ ഉപയോഗിക്കുന്നത്. ക്രിസ്തു

മാത്രമേ പാപമില്ലാത്തവനായുള്ളൂ എന്നാണ് സുറിയാനിസഭ പഠിപ്പിക്കുന്നത്. മാത്രവുമല്ല; ക്രിസ്തുവിന് മുമ്പ് പാപമില്ലാത്ത വ്യക്തിയുണ്ടെങ്കിൽ പിന്നീട് ക്രിസ്തുവെന്ന പാപമില്ലാത്തവന്റെ ജനനത്തിന് പ്രസക്തിയില്ല. കന്യക മറിയാം യൂയാക്കീമിൽ നിന്നും ഹന്നായിൽ നിന്നും സ്വഭാവ പ്രകാരം ജനിച്ചവളാകയാൽ പൊതുവായ ആദ്യപാപത്തിൽ ഉൾപ്പെട്ടിരുന്നുവെന്നാണ് സുറിയാനിസഭ പഠിപ്പിക്കുന്നത്.

അമലോത്ഭവ സിദ്ധാന്തത്തെ അംഗീകരിക്കാതെ തന്നെ ഒരു വ്യക്തിക്ക് നല്ല ക്രിസ്ത്യാനിയാകാൻ കഴിയുമെന്ന് ദൈവശാസ്ത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. (തോമസ് അക്വിനാസിനെപ്പോലെയുള്ളവർ ഈ വിശ്വാസത്തിന്റെ ജീവശാസ്ത്ര സാങ്കേതികവശങ്ങൾ പരാമർശിച്ചിട്ടുള്ളത് ഇവിടെ വിവരിക്കുന്നില്ല). അമലോത്ഭവത്തിൽ വിശ്വസിക്കാത്ത 'വിശ്വാസിയെ' മാറ്റിനിർത്തുന്നതിനാണ് ഈ വിശ്വാസം ഉപകരിക്കുന്നതെങ്കിൽ അത് അപകടകരമാണെന്ന് ജോൺ മെക്കുറേ അഭിപ്രായപ്പെടുന്നു (John Macquarrie, 1991, p. 76).

**(4) വി. മറിയാം നിത്യകന്യക**

സുറിയാനിസഭയുടെ പ്രാർത്ഥനകളിലും ആരാധനാക്രമങ്ങളിലും വി. മറിയാമിനെ നിത്യകന്യക (perpetual virgin) എന്ന് ആവർത്തിച്ച് ഏറ്റുപറയുന്നുണ്ട്. ചില ഉദ്ധരണികൾ താഴെ ചേർക്കുന്നു.

*"മുൾമരമെരിയാതെരിതീ തൻ നടുവിൽ കണ്ടതുപോൽ*
*ചിന്മയനാം മറിയാമിൽ വസിച്ചു ശരീരം പൂണ്ടു*
*അതിനാൽ ഭംഗവുമാ-കന്യാ വ്രതമുദ്രയ്ക്കുണ്ടാ-യില്ല"*

*(പുറ. 3:2)*

*"അത്ഭുതമായ് സൽഫലമേകിയോരാതരുമത്സ്യം തീക്കൽപാറ*
*ത്രയരഹസ്യാൽ തിരുസഭ വിശ്വാസത്യാഗികളൊടു വാദിക്കുന്നു*
*തരുവിൽ നിന്നജമുണ്ടായി (ഉല്പ. 22:13)*
*തോയം തീക്കല്ലിൽ നിന്നും (സംഖ്യാ 20:11)*
*മത്സ്യമതേകി എസ്തീറ (മത്താ. 17:27)*
*കന്യാപ്രസവവേവാദിപ്പോർക്കിവയേറ്റം വാട്ടം നൽകും"*

യെഹെസ്ക്കിയേൽ കണ്ടതായ അടയ്ക്കപ്പെട്ട വാതിൽ (യെഹെ. 44:2), മേൽവിവരിച്ചിരിക്കുന്ന ഗാനങ്ങളിലെ ദൃഷ്ടാന്തങ്ങൾ നിത്യകന്യകയെന്ന വിശ്വാസം സ്പഷ്ടമാക്കുന്നു. വി. കുർബ്ബാനയിലെ നാലാം തുബ്ദേനിൽ 'നിത്യകന്യകയും ഭാഗ്യവതിയുമായ ദൈവമാതാവ്'' എന്നാണ് അനുസ്മരിക്കുന്നത്. മറ്റു പല പ്രാർത്ഥനകളിലും ഈ ആശയം ആവർത്തിച്ചുറപ്പിച്ചിട്ടുണ്ട്. അന്ത്യോഖ്യായുടെ പാത്രിയർക്കീസ് യാക്കോബ് മൂന്നാമൻ കന്യകയിൽ നിന്നുള്ള ജനനത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു . . . ഒമ്പതുമാസത്തിനുശേഷം അവർണ്ണനീയമായ വിധത്തിൽ കന്യകമറിയാമിൽനിന്നു ജനിച്ചു. ജനനത്തിങ്കലും അതിനുശേഷവും അവൾ കന്യകയായി തന്നെ സ്ഥിതിചെയ്യുന്നു (Yacoub III, 1985).

യേശുവിന്റെ സഹോദരന്മാരെ സംബന്ധിച്ചുള്ള പരാമർശങ്ങൾ (മർക്കൊ. 6:3) കന്യകമറിയാം നിത്യകന്യകയല്ല അഥവാ പിന്നീട് പ്രസവിച്ചു എന്നു പഠിപ്പിക്കുന്നതിനായി ചിലർ ഉപയോഗിക്കുന്നുണ്ട്. എന്നാൽ കർത്താവിന്റെ സഹോദരന്മാർ എന്ന് പരാമർശിച്ചിരിക്കുന്നത് ക്ലെയോപ്പാ മറിയാമിന്റെ മക്കളെക്കുറിച്ചാണെന്നും അതല്ല യൗസേഫിന്റെ വിഗതമായ ഭാര്യയിൽ നിന്നുള്ള മക്കളെക്കുറിച്ചാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്. ഏതായാലും യേശു തന്റെ അമ്മയെ സംരക്ഷിക്കുന്നതിന് ശ്ലീഹായെ ഏൽപ്പിക്കുന്നതായി കാണുന്നു (യോഹ. 19:25-27). ഈ സന്ദർഭത്തിൽ സ്വന്തം മക്കളുണ്ടായിരുന്നിട്ടും മറ്റൊരാൾക്ക് യേശു അമ്മയെ ഏൽപ്പിച്ചുവെന്ന് ചിന്തിക്കുന്നത് ശരിയായിരിക്കയില്ല. ആയതിനാൽ സുറിയാനിസഭ വി. മറിയാം നിത്യകന്യകയെന്ന് വിശ്വസിക്കുന്നു. ഏ. ഡി. 431ൽ കൂടിയ എഫേസൂസിലെ സുന്നഹദോസിനുശേഷം കന്യകമറിയാമിന്റെയും ഉണ്ണിയേശുവിന്റെയും ചിത്രം പ്രദർശിപ്പിക്കുന്നത് ഓർത്തഡോക്സ് വിശ്വാസത്തിന്റെ അംഗീകൃത പ്രകടനമായി തീർന്നു (*Encyclopaedia Britannica*, 1943, pp. 999-1000).

### (5) കന്യകമറിയാം വിശുദ്ധ ദൈവമാതാവ്

കന്യകമറിയാം തന്നെക്കുറിച്ച് തന്നെ പറഞ്ഞിരിക്കുന്നത് ''കർത്താവിന്റെ ദാസി'' (ലൂക്കൊ. 1:38) എന്നാണ്. എന്നാൽ ആദിമ നൂറ്റാണ്ടുകളിലെ സഭാപിതാക്കന്മാരുടെ എഴുത്തുകളിൽ വി. മറിയാമിനെ ദൈവമാതാവെന്ന് (*Theotokos*) ആദ്യമായി വിളിച്ചത് വി. ഹിപ്പൊളിറ്റസ് (ഏ. ഡി. 170–235) ആണെന്ന് കാണാം. ഒറിഗൺ (ഏ. ഡി. 186–253) ദൈവമാതാവ് എന്നതിനു പകരം ദൈവത്തെ പ്രസവിച്ചവൾ എന്നാണ് പറഞ്ഞിരിക്കുന്നത്. വി. ഗ്രിഗറി, നസിയൻസ് (ഏ. ഡി. 328–390) ദൈവമാതാവെന്ന സംജ്ഞ ആവർത്തിച്ചു.

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായ (ഏ. ഡി. 428) നെസ്തോറിയസ് ''ദൈവമാതാവ്'' (*Theotokos*) എന്ന പദപ്രയോഗം തെറ്റാണെന്നും മറിയാമിനെ ''ക്രിസ്തുവിന്റെ അമ്മ'' (*Christotokos*) എന്നുമാത്രമേ വിളിക്കാവൂ എന്ന് പഠിപ്പിച്ചു (*A history of the Church*, 1846). ക്രിസ്തു ദൈവവും മനുഷ്യനുമാണ്. ക്രിസ്തുവിലുള്ള മനുഷ്യന്റെ അമ്മ മാത്രമാണ് മറിയം എന്നായിരുന്നു നെസ്തോറിയസിന്റെ വാദഗതി.

അലക്സന്ത്രിയായിലെ പാത്രിയർക്കീസായ വി. കൂറീലോസ് (Cyril, A. D. 370 - 444) നെസ്തോറിയസിന്റെ വേദവിപരീതത്തെ എതിർക്കുകയും ക്രിസ്തു ദൈവവും മനുഷ്യനും കൂടി ചേർന്നിരിക്കുന്ന ഇരട്ടവ്യക്തിയല്ല; ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉൾക്കൊള്ളുന്ന ഏക ദൈവിക വ്യക്തിയാണെന്നും ഉറപ്പിച്ചു സ്ഥാപിച്ചു. മറിയാമിൽ നിന്ന് ജനിച്ചത് ദൈവിക ആളായതിനാൽ ദൈവമാതാവ് എന്നു വിളിക്കുന്നതിൽ തെറ്റില്ലെന്ന് പ്രസ്താവിച്ചു (Cayre, 1935). ഏ. ഡി. 431ലെ എഫേസൂസ് സുന്നഹദോസിൽ മറിയാം ദൈവമാതാവ് എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. യോഹ. 1:1–ൽ പരാമർശിക്കുന്നപ്രകാരം ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. യോഹ. 1:14ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ''വചനം ശരീരം

ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു.'' ''താൻ സ്വയം താഴ്ത്തി മനുഷ്യരൂപത്തിൽ കാണപ്പെട്ടു'' (ഫിലി. 2:7).

മാബൂഗിലെ മോർ ഫീലക്സിനോസ് (ഏ. ഡി. 450–523) കർത്താവിന്റെ ജനനത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. ''വചനം സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് കന്യകയുടെ ഗർഭ പാത്രത്തിൽ ഭേദം കൂടാതെ മനുഷ്യനായി'' (Douglas, 1978). അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോർ സേവേറിയോസ് (ഏ. ഡി. 460–538) കർത്താവിന്റെ ജഡധാരണത്തെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു 'All the human qualities remained in Christ unchanged in their nature or essence but were amalgamated with the totality of the hypostasis; that they no longer had a separate existence and having no longer any kind of center or focus of their own, did not constitute a distinct monad (Smith & Wace, 1887). വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ ചൊല്ലുന്ന മാനീസ മോർ സേവേറിയോസിന്റെ ജഡധാരണത്തെ സംബന്ധിക്കുന്ന പഠിപ്പിക്കൽ വെളിവാക്കുന്നുണ്ട്.

ദൈവമാതാവായ മറിയം സഭാമാതാവാണ്. കാരണം ഒന്നാം ഹവ്വ സകലർക്കും മാതാവായിരിക്കുന്ന പ്രകാരം രണ്ടാം ഹവ്വയായ മറിയാം സഭയുടെ മക്കൾക്കെല്ലാം മാതാവാണ്. ക്രിസ്തു തലയും, സഭ ശരീരവുമായതിനാൽ ദൈവമാതാവ് സഭാമാതാവുമാണ്. യോഹന്നാൻ ശ്ലീഹായെ വിളിച്ച് നിന്റെ മാതാവ് ഇതാ എന്നുപറയുന്നതിനാൽ തന്നെ അനുഗമിക്കുന്നവർക്കെല്ലാം മറിയം മാതാവായിത്തീരുന്നു അഥവാ സഭാമാതാവാകുന്നു (Bernard, 1960, pp. 172-177).

**(6) യേശു ഏകമധ്യസ്ഥൻ**

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ (1 തിമൊ. 2:5) എന്നതിനാൽ യേശുക്രിസ്തു ഒഴികെ ഒരു മധ്യസ്ഥനില്ല. കന്യകമറിയാമിനെ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായ ക്രിസ്തുവിനോടു തുല്യമായി സുറിയാനിസഭ പഠിപ്പിക്കുന്നില്ല. എന്നാൽ നീതിമാന്റെ ശ്രദ്ധയോടുകൂടിയ

പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കോ. 5:16–18) എന്ന അടിസ്ഥാനത്തിലാണ് മധ്യസ്ഥയായി കാണുന്നത്.

വിശുദ്ധ മറിയാമിനെ ക്രമാതീതമായി വണങ്ങുന്നതിന് (mariolatory) സുറിയാനിസഭ പഠിപ്പിക്കുന്നില്ല. എന്നാൽ വി. കന്യകമറിയാമിന് ദൈവസന്നിധിയിൽ മുഖപ്രസന്നതയുള്ളതിനാൽ നമുക്കുവേണ്ടി പ്രാർത്ഥിക്കും എന്നതാണ് വിശ്വാസം. മറിയാം ക്രിസ്തുവിനോട് പ്രാർത്ഥിച്ചു. ‘‘നിന്റെ ദാസിയുടെ പേർവിളിച്ച് നിന്നോടപേക്ഷിക്കുന്ന ഏവർക്കും നീ അനുഗ്രഹങ്ങൾ നൽകണമേ.’’ ക്രിസ്തു മറുപടി നൽകി. ‘‘നിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരാരും ലജ്ജിതരാകയില്ല, അവർ ഈ ലോകത്തിലും എന്റെ പിതാവിന്റെ വരുവാനിരിക്കുന്ന രാജ്യത്തിലും കരുണയും സഹായവും ധൈര്യവും കണ്ടെത്തും’’ (*Encyclopaedia Britannica*, 1943, Vol. 14, pp. 999-1000).

ഏലിയാവ് മുതലായ പ്രവാചകന്മാരും അപ്പൊസ്തോലന്മാരും ക്രിസ്തുവിനോട് നടത്തുന്ന അഭയയാചന മധ്യസ്ഥപ്രാർത്ഥനയെന്ന അർത്ഥത്തിലാണ് വിവക്ഷിക്കുന്നത്. നന്മകൾ ദൈവത്തിൽ നിന്നാണ് പ്രാപിക്കുന്നത്. സ്വർഗ്ഗത്തിൽനിന്ന് അപ്പം നിങ്ങൾക്ക് തന്നത് മോശയല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ (യോഹ. 6:32). ആയതിനാൽ ദൈവകൃപയുടെ ഉത്ഭവസ്ഥാനം ദൈവമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

യേശുക്രിസ്തു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനാകുന്നു (എബ്രാ. 9:15; 12:24). പിതാവിനെ മനുഷ്യവർഗ്ഗത്തോടു സംയോജിപ്പിച്ച ഏക മധ്യസ്ഥനാകുന്നു. ഈ സവിശേഷതരവും അതുല്യവുമായ മധ്യസ്ഥത വി. കന്യകമറിയാമിന്റെ മധ്യസ്ഥതയുമായി തുലനം ചെയ്യാവുന്നതല്ല. വി. കന്യകമറിയാമിനോടുള്ള മധ്യസ്ഥത ‘‘നിന്റെ ഏകപുത്രനോട് ഞങ്ങളോടൊപ്പം ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ’’ എന്നതാണ്. പ്രാർത്ഥനകളിലും ആരാധനകളിലും വി. കന്യകമറിയാമിനെ അനുസ്മരിച്ച് നടത്തുന്നതായ അപേക്ഷകളെല്ലാം ‘‘ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ’’ എന്ന തലത്തിലാണ് ഉദ്ദേശിച്ചിട്ടുള്ളത്.

# പരിശുദ്ധനായ പത്രോസ് ശ്ലീഹാ

**(ഏ.ഡി. ? - 67)**

പത്രോസ് ശ്ലീഹാ ഗലീലയിലെ ബെത്സൈയ്ദാ പട്ടണക്കാരനായ ഒരു മീൻപിടുത്തക്കാരനായിരുന്നു (യോഹ. 1:44). ശ്ലീഹായുടെ ആദ്യത്തെ പേര് സിമിയോൻ (Symeon) എന്നായിരുന്നു. ഗ്രീക്ക് ഭാഷയിലെ സൈമൺ (Simon) എന്ന പദമാണ് ശ്ലീഹായെ പരാമർശിച്ച് ചരിത്രപുസ്തകങ്ങളിൽ കാണുന്നത്. അറമായ ഭാഷയിലെ കേഫാ (*Kepha*) എന്നതിന്റെ ഗ്രീക്കു തർജ്ജമയാണ് ഇരട്ടപ്പേരായ പത്രോസ് (Peter). നീ യോഹന്നാന്റെ പുത്രനായ ശീമോൻ ആകുന്നു; നിനക്കു കേഫാ എന്ന് പേരാകും; അതു പത്രോസ് എന്നാകുന്നു (യോഹ. 1:42).

ശ്ലീഹായുടെ പിതാവിന്റെ പേര് ജോനാസ് (യൗനാൻ) എന്നായതിനാലാണ് മത്തായി 16:17ൽ കാണുന്ന പ്രകാരം 'ബർയോനാ ശീമോനെ നീ ഭാഗ്യവാൻ'എന്ന് യേശു അഭിസംബോധന ചെയ്യുന്നത്. Simon Bar Jonas എന്നാൽ യൗനായുടെ മകനായ ശീമോനെ എന്നാണർത്ഥം (*Nelson's Encyclopaedia*, 1913, p. 353). മീൻപിടുത്തക്കാരനായ സെബ്ദായ പുത്രന്മാരായ യാക്കോബും യോഹന്നാനും പത്രോസിന്റെ സഹപ്രവർത്തകരായിരുന്നു (ലൂക്കൊ. 5:10).

പത്രൊാസ് ശ്ലീഹാ വിവാഹിതനായിരുന്നു (മർക്കൊ. 1:30). വിവാഹത്തിനു ശേഷം ബെത്സൈയ്ദയിൽനിന്നും കപ്പർന്നഹൂമിലേക്കു മാറി താമസിച്ചു (Moothedan, 2001, p. 236). പത്രൊാസ് ശ്ലീഹായുടെ ഭവനം സ്ഥിതിചെയ്തിരുന്നത് കപ്പർന്നഹൂമിലെ സിന്നഗോഗിനടുത്താണ്. പത്രോസിന്റെ

വീടിന്റെ അവശിഷ്ടങ്ങൾക്കു മുകളിലായി ഒരു ദേവാലയം തൂണുകളിന്മേൽ സ്ഥിതിചെയ്യുന്നു. പത്രോസ് ശ്ലീഹായുടെ ഭാര്യയും പിന്നീടുള്ള യാത്രയിൽ ശ്ലീഹായെ അനുഗമിച്ച തായി അനുമാനിക്കാം (1 കൊരി. 9:5).

പത്രൊസ് ശ്ലീഹാ സ്നാപകയോഹന്നാന്റെ അനുയായി ആയിരുന്നുവെന്ന് പ്രബലമായ ഒരഭിപ്രായമുണ്ട് (യോഹ. 1:40). മറ്റു ശ്ലീഹന്മാരുമായി താരതമ്യം ചെയ്യുമ്പോൾ സെബദി പു ത്രന്മാരും പത്രോസും യേശുവിന്റെ ഏറ്റവും അടുത്ത അനു ചരന്മാരായിരുന്നുവെന്ന് കരുതാവുന്നതാണ് (മർക്കൊ. 5:37, 9:2, 13:3, 14:33).

പത്രോസ് ശ്ലീഹായുടെ തീക്ഷ്ണതയും വിവിധ അവസര ങ്ങളിൽ അനുഭവിച്ച വിശേഷാവകാശങ്ങളും (മത്താ. 14:28) വിശ്വാസ പ്രഖ്യാപനവും (മർക്കൊ. 8:29) രക്ഷകനോടുള്ള സ്നേഹവും (മത്താ. 16:22) യേശുവിനെ പിടിക്കുന്നതിന് വന്നവ രോടുള്ള ചെറുത്തുനിൽപ്പും (യോഹ. 18:10) ശ്രദ്ധേയമാണ്. ഫിലിപ്പിന്റെ കൈസര്യ പ്രദേശത്തുവച്ച് മനുഷ്യപുത്രൻ ആരാ ണെന്ന ചോദ്യത്തിന് ഉത്തരമായി ശീമോൻ പത്രൊസ് ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'' എന്നു പറഞ്ഞു. യേശു പത്രോസിനോട്:''നീ പത്രോസ് (കേഫാ) ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും . . . സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും . . .'' (മത്താ. 16:16-19). യേശുക്രിസ്തുവിന്റെ സുവിശേഷവേലയുടെ കാലഘട്ടത്തിൽ പത്രോസിന് ശ്ലീഹന്മാരിൽ പ്രഥമസ്ഥാനമുണ്ടായിരുന്നതായി നാല് സുവിശേഷങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ശ്ലീഹന്മാരുടെ പട്ടികയിൽ പത്രോസിന്റെ പേര് എപ്പോഴും ഒന്നാമതായി ചേർത്തിരിക്കുന്നു.

പത്രൊസ് ശ്ലീഹാ, ശ്ലീഹന്മാരിൽ മുഖ്യനായിരുന്നുവെന്ന് വ്യക്തമാക്കുന്ന നിരവധി സന്ദർഭങ്ങളുണ്ട്. ഉദാഹരണമായി മത്ഥിയാസിന്റെ തെരഞ്ഞെടുപ്പിനുള്ള യോഗത്തിന്റെ അധ്യ ക്ഷൻ പത്രോസായിരുന്നു. (അപ്പൊ. പ്ര. 1:15 - 22). സുറി

യാനി സഭയുടെ ആരാധനക്രമങ്ങളിൽ പത്രോസിനെ ശ്ലീഹന്മാരുടെ തലവനെന്നും മുമ്പനെന്നും (Primacy of St. Peter) എടുത്തു പറയുന്നുണ്ട്.

പുതിയനിയമ സഭയെ അന്ത്യോഖ്യായിൽ സംഘടിപ്പിച്ചതിൽ പ്രത്യേകമായ പങ്കുവഹിച്ചത് പത്രോസ് ശ്ലീഹായാണ്. അന്ത്യോഖ്യായിൽ പത്രോസ് ശ്ലീഹാ എ. ഡി. 37 (ഫെബ്രുവരി 22-ാം തീയതി) സിംഹാസനം സ്ഥാപിച്ചു. ഈ ഭരണസിരാകേന്ദ്രവുമായി മറ്റു ശ്ലീഹന്മാർ ബന്ധപ്പെട്ടിരുന്നു. (അപ്പൊ. പ്ര. 14:24 - 26). യേശുക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് ക്രിസ്ത്യാനികൾ എന്നപേർ വിളിക്കപ്പെട്ടതും അന്ത്യോഖ്യായിൽ വച്ചായിരുന്നു (അപ്പൊ. പ്ര. 11:26).

പത്രൊസിന്റെ ഭവനത്തിൽ യേശു താമസിച്ചിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (Hoever, 1989). യേശു പത്രോസിനുള്ള പടകിൽ യാത്ര ചെയ്യുന്നതായി സുവിശേഷഭാഗങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. പത്രൊസ് ശ്ലീഹാ, ശ്ലീഹന്മാരുടെ വക്താവായിരുന്നു (മത്താ. 17:24). സുവിശേഷകനായ മർക്കൊസ്, പത്രൊസ് ശ്ലീഹായുടെ ശിഷ്യനായിരുന്നു (1 പത്രൊസ് 5:13).

ഏഴു സംവത്സരങ്ങൾ അന്ത്യോഖ്യായിൽ ഭരിച്ചതിനു ശേഷം 25 സംവത്സരങ്ങൾ റോമിൽ ചിലവഴിച്ചുവെന്ന് പലരും അഭിപ്രായപ്പെടുന്നുണ്ടെങ്കിലും (Moothedan, 2001) ഈ അഭിപ്രായം വിശ്വസിക്കാവുന്നതല്ല എന്ന വാദഗതിയുമുണ്ട് (White, 1991). ഏതായാലും പത്രൊസ് ശ്ലീഹായും പൗലോസ് ശ്ലീഹായും ഒരേ ദിവസം (ഏ. ഡി. 67, ജൂൺ 29) രക്തസാക്ഷി മരണം പ്രാപിക്കുന്നതിനുമുമ്പ് ഉദ്ദേശം 9 മാസത്തോളം ഒന്നിച്ച് ജയിലിലായിരുന്നുവെന്നു കരുതപ്പെടുന്നു (Pollock,1985, p. 307).

പത്രൊസ് ശ്ലീഹാ റോമിൽ നീറോ ചക്രവർത്തിയുടെ വാഴ്ചയുടെ അവസാന വർഷം ക്രൂശിക്കപ്പെട്ടുവെന്ന് തെർത്തുല്യനും പത്രോസിന്റെ അന്ത്യ അഭിലാഷമനുസരിച്ച് തന്റെ യജമാനൻ മരണം വരിച്ചതിന് സമാനമായി മരിക്കുന്നതിന് യോഗ്യനല്ലെന്ന് ചിന്തിച്ചതിനാൽ (Hoever,

1989) തന്റെ ഗുരുവിന്റെ പാദങ്ങൾ ചുംബിക്കുന്ന രീതിയിൽ തലകീഴായി ക്രൂശിച്ചുവെന്നു യൂസേബിയോസും രേഖപ്പെടുത്തിയിരിക്കുന്നു (White,1991). സുറിയാനി സഭയുടെ പ്രാർത്ഥനാക്രമത്തിൽ ശ്ലീഹാനോമ്പിലെ സന്ധ്യാ പ്രാർത്ഥന, രണ്ടാമത്തെ വിവരണം ശരിവയ്ക്കുന്നതാണ്. ‘‘കർത്താവേ നിന്നെയുള്ള സ്നേഹത്താൽ മോർ പത്രോസ് ശ്ലീഹാ തലകീഴായുള്ള മരണത്തിനും . . .’’ (Mathen Cor-episcopa, 1996, p. 221).

പത്രോസ് ശ്ലീഹായുടെ തിരുശേഷിപ്പുകൾ റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിലെ മദ്ബഹായ്ക്കു താഴെ അടക്കം ചെയ്തിരിക്കുന്നു. ശ്ലീഹാ നോമ്പവസാനിക്കുന്ന ജൂൺ 29 – ാം തീയതി പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപെരുന്നാൾ സഭ ആഘോഷിക്കുന്നു.

പ. പത്രോസിന്റെ 123–ാമത്തെ പിൻഗാമിയായ പ. പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവ 2014 മുതൽ സുറിയാനി സഭയെ മേയിച്ച് ഭരിക്കുന്നു. ഈ പൗരോഹിത്യത്തിന്റെ പിൻതുടർച്ചയാണ് മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളും ആദരിച്ച് അംഗീകരിച്ചിരിക്കുന്നത്. ഇത് സഭയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്.

# പരിശുദ്ധനായ പൗലോസ് ശ്ലീഹാ
## (എ. ഡി. ? - 67)

പൗലോസ് ശ്ലീഹായുടെ ആദ്യത്തെ പേര് ശൗൽ എന്നായിരുന്നു. ശൗൽ കിലികൃയിലെ (Cilicia) തർസോസ് എന്ന പട്ടണത്തിൽ ജനിച്ചു. (അപ്പൊ. പ്ര. 9:11, 22:3). യെഹൂദനായ പിതാവ് ബെന്യാമീൻ ഗോത്രത്തിൽപ്പെട്ടവനായിരുന്നു. പിതാവ് റോമാ പൗരനായതിനാൽ ശൗൽ ജന്മനാതന്നെ പൗരസ്വാതന്ത്ര്യമുള്ളവനായിരുന്നു (അപ്പൊ. പ്ര 22:28). ശൗലിന്റെ മാതാവ് ബാല്യത്തിൽതന്നെ ദിവംഗതയായി.

ആറുവയസ്സായപ്പോൾ ശൗലിനെ തർസോസിലെ യെഹൂദ സംഘാലയത്തിലെ വിദ്യാലയത്തിൽ ചേർത്തു (Aphrem, 1963). പതിനഞ്ച് വയസ്സായപ്പോൾ ഹില്ലേലിന്റെ പൗത്രൻ പ്രസിദ്ധനായ യെഹൂദ റാബി ഗമാലിയേലിന്റെ അടുക്കൽ പഠിക്കുന്നതിനായി യെരുശലേമിലേക്ക് അയച്ചു (അപ്പൊ. പ്ര. 5:34, 22:3). യെഹൂദ ബാലന്മാർ ഏതെങ്കിലും തൊഴിൽ അറിഞ്ഞിരിക്കണമെന്ന് യെഹൂദ ന്യായപ്രമാണം നിർദ്ദേശിക്കുന്നതിനാൽ ശൗൽ കൂടാരം പണിയുന്ന തൊഴിൽ അഭ്യസിച്ചു (Aphrem, 1963).

വൈരാഗ്യമുള്ള യെഹൂദമതാനുസാരിയായതിനാൽ, ശെമ്മാശന്മാരുടെ തലവനും സഹദേന്മാരുടെ മുമ്പനുമായ മോർ സ്തേഫാനോസിനെ കല്ലെറിയുന്നവരുടെ കൂട്ടത്തിൽ ശൗൽ ഉൾപ്പെട്ടിരുന്നു (അപ്പൊ. പ്ര. 7:58). യേശുക്രിസ്തുവിനെ അനുഗമിക്കുന്നവരെ പീഡിപ്പിക്കുന്നതിനും തടവിലാക്കുന്നതിനും വേണ്ടി ദമസ്ക്കോസിലേക്കു പോയ ശൗൽ കർത്താവിനാൽ പിടിക്കപ്പെട്ടു (അപ്പൊ. പ്ര. 9:1 - 6). ഈ സംഭവം

നടന്നത് ഏ. ഡി. 31ൽ ആണെന്ന് കരുതപ്പെടുന്നു (Aphrem, 1963).

ശൗൽ മാനസാന്തരത്തിനുശേഷം അദ്ദേഹം ഏകദേശം മൂന്നുവർഷം ഏകാന്തതയിലും (White, 1991) ധ്യാനത്തിലും (Hoever, 1989) അറേബ്യയിലായിരുന്നുവെന്നും പിന്നീട് ദമസ് ക്കോസിൽ തിരിച്ചുവന്നുവെന്നും പലരും രേഖപ്പെടുത്തിയി ട്ടുണ്ട് (ഗലാ. 1:17; Moothedan, 2001; *Nelson's Encyclopaedia,* 1913). ദമസ്ക്കോസിൽ തിരിച്ചെത്തിയ ശൗൽ യേശുതന്നെ ദൈവ പുത്രൻ എന്ന് പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി (അപ്പൊ. പ്ര. 9:20–22).

ശൗലിന്റെ സുവിശേഷ പ്രചരണം യെഹൂദന്മാരിൽ ഉഗ്രരോ ഷമുളവാക്കിയതിനാൽ അവനെ കൊല്ലുന്നതിന് യെഹൂദന്മാർ ആലോചിച്ചു (അപ്പൊ. പ്ര. 9:23 – 25). എന്നാൽ ശൗൽ യെരു ശലേമിലേക്ക് രക്ഷപ്പെട്ടു. യെരുശലേമിൽ സഭയുടെ തലവനായ പത്രോസ് ശ്ലീഹായെ കണ്ട് ബഹുമാനാദരവുകൾ പ്രകടിപ്പിക്കു ന്നതിനും (Moothedan, 2001) ശിഷ്യസമൂഹത്തോട് ചേരുന്ന തിനും ആഗ്രഹിച്ചു. എന്നാൽ ബർന്നബാസ് ശൗലിനെ പിന്താ ങ്ങുന്നതുവരെ യെരുശലേമിലെ സഭ ശൗലിനെ സ്വീകരിച്ചില്ല (അവർക്ക് ശൗലിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നേരിൽ അറിയാമായിരുന്നു).

പൗലോസ് ശ്ലീഹായുടെ യെരുശലേമിലെ യെഹൂദന്മാരുടെ ഇടയിലെ പ്രവർത്തനങ്ങളും ജീവന് ഭീഷണി ആയതിനാൽ രണ്ടാഴ്ച മാത്രം യെരുശലേമിൽ താമസിച്ചിട്ട് സ്വന്തപട്ടണ മായ തർസോസിലേക്കുപോയി (അപ്പൊ. പ്ര. 9:30). അവിടെ ഏഴെട്ടു വർഷമെങ്കിലും താമസിച്ചുവെന്നു കരുതുന്നു (Aphrem, 1963).

ഏ. ഡി. 44 ൽ യെരുശലേമിൽ മഹാക്ഷാമമുണ്ടായപ്പോൾ പൗലോസ് ശ്ലീഹാ ബർന്നബാസിനോടു കൂടെ സംഭാവനകളു മായി വീണ്ടും യെരുശലേമിലേക്കു പോയി. പിന്നീട് സൈപ്രസി ലേക്കുപോയ സന്ദർഭത്തിൽ അവിടുത്തെ ഗവർണർ, സെർജി യസ് പൗലോസ് (Sergius Paulose) മാനസാന്തരപ്പെടുകയു

ണ്ടായി. ഏ. ഡി. 49– 52 കാലഘട്ടത്തിൽ ശീലാസിനോടുകൂടെ വിവിധ സ്ഥലങ്ങളിൽ സുവിശേഷ ഘോഷണാർത്ഥം യാത്ര ചെയ്തു. ഏ. ഡി. 51 ൽ ഊർശ്ലേമിലെ ഒന്നാമത്തെ സുന്നഹദോസിൽ സംബന്ധിച്ചു (Aphrem, 1963).

പൗലോസ് ശ്ലീഹായുടെ മിഷനറി യാത്രകളും തടവിലാക്കപ്പെട്ട സന്ദർഭങ്ങളും, വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമായ സഭകളുടെ (സമൂഹങ്ങളുടെ) വിവരണങ്ങളും ഇവിടെ പ്രതിപാദിക്കുന്നില്ല. എന്നാൽ ശ്ലീഹായുടെ സുവിശേഷവേലയിൽ നേരിടേണ്ടിവന്ന രണ്ട് ബുദ്ധിമുട്ടുകൾ ഇന്നും പ്രസക്തമാണ്.

1. യെഹൂദ ക്രിസ്ത്യാനികളും ജാതികളിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവരും തമ്മിലുള്ള വേർതിരിവ്.

2. പൗലൂസ് ശ്ലീഹായാൽ മാനസാന്തരപ്പെട്ടവർ മറ്റു (ആദ്യകാല) ശ്ലീഹന്മാരാൽ മാനസാന്തരപ്പെട്ടവരെക്കാൾ കുറഞ്ഞവരാണെന്ന ചിന്ത. യെഹൂദാ മതാനുസാരികൾ ക്രിസ്തുമതം സ്വീകരിച്ചശേഷവും യാഥാസ്ഥിതികത്വം (Conservatism) പുലർത്തിയെങ്കിലും ആത്മികമായി അവികസിതരായിരുന്നു (Spiritually undeveloped). എന്നാൽ ജാതികളിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ചവർ ആത്മാവ് സാക്ഷാത്തായ പരമാർത്ഥ ജ്ഞാനം കൊണ്ടുമാത്രമാണ് ഭൗതികം എന്ന അമിത ആത്മികത (Ultra Spiritualism) ഉൾക്കൊള്ളുന്നവരായിരുന്നു (*Nelson's Encyclopaedia* 1913, pp. 257 258).

കൈസര്യയിലെ രണ്ടുവർഷത്തെ ജയിൽവാസത്തിനു ശേഷം (ഏ. ഡി. 57-59) റോമിലെത്തിയതായി കരുതാം. നീറോ ചക്രവർത്തിയുടെ പീഡയുടെ കാലഘട്ടത്തിൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു. റോമാ പൗരനായതുകൊണ്ട്, ദീർഘസമയം വേദനയനുഭവിക്കുന്ന നീചമരണത്തിൽനിന്നും ഒഴിവാക്കപ്പെടുകയും പട്ടണമതിലുകൾക്കു പുറത്തുകൊണ്ടുപോയി ശിരഛേദം ചെയ്യപ്പെടുകയും ചെയ്തു. ഇത് പത്രോസ് ശ്ലീഹായെ ക്രൂശിച്ച അതേ ദിവസം തന്നെയായിരുന്നു (ഏ. ഡി. 67, ജൂൺ 29). വധശിക്ഷയ്ക്കു മുമ്പ് രണ്ട്

ശ്ലീഹന്മാരും ഉദ്ദേശം 9 മാസത്തോളം തടവിലായിരുന്നു (Pollock, 1985). വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ശ്ലീഹാ നോമ്പുവീടുന്ന ജൂൺ 29-ാം തീയതി സഭ ആഘോഷിക്കുന്നു.

# വിശുദ്ധ അന്ത്രയോസ് ശ്ലീഹാ

**(? - c. എ. ഡി. 69?)**

ശെമവൂൻ പത്രോസിന്റെ സഹോദരനായ അന്ത്രയോസ് ഗലീലയിലെ ബെത്സൈദാ പട്ടണത്തിൽ ജനിച്ചു (യോഹ. 1:44). നസ്രത്തിൽനിന്നും 25 മൈൽ കിഴക്കുമാറി ഗലീല കടലിന്റെ വടക്കേതീരത്ത് സ്ഥിതിചെയ്യുന്ന പട്ടണമാണ് ബെദ്സൈദാ. അന്ത്രയോസിന്റെ പിതാവിന്റെ പേര് യോന (Jonah or John; see Mathew 16:17; John 1:44) എന്നും മാതാവിന്റെ പേര് ജോവാന (Joanna) എന്നുമായിരുന്നു (Mc Birnie, 2002).

അന്ത്രയോസ് ആദ്യം യോഹന്നാൻ മാംദാനയുടെ ശിഷ്യനായിരുന്നു. യോഹന്നാനെ അനുഗമിച്ച അന്ത്രയോസ് യോഹന്നാനിൽ നിന്ന് യേശുവിനെക്കുറിച്ച് സാക്ഷ്യം കേട്ടു. 'ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' (യോഹ. 1:29). ഈ സാക്ഷ്യം യേശുവിനെ അനുഗമിക്കുന്നതിന് കാരണമായി. താൻ കണ്ടെത്തിയ മിശിഹായെ, അന്ത്രയോസ്, സഹോദരനായ പത്രോസിന് പരിചയപ്പെടുത്തുന്നു (യോഹ. 1:41-42). ക്രൈസ്തവ സുവിശേഷദൗത്യത്തിന്റെ പ്രായോഗിക സമീപനമാണിവിടെ പ്രകടമാകുന്നത്.

ആദ്യം വിളിക്കപ്പെട്ടവൻ എന്ന അർത്ഥത്തിൽ പ്രോട്ടാ ക്ലേറ്റോസ് എന്ന വിശേഷണം അന്ത്രയോസിന് നൽകിയിട്ടുണ്ട് (Kallarangatt & Puthukulangara, 2001). അന്ത്രയോസ് അവിവാഹിതനായിരുന്നു എന്ന് കരുതപ്പെടുന്നു. യോഹന്നാൻ മാംദാനയുടെ ശിഷ്യനായിരുന്നതുകൊണ്ടാകാം കർശനമായ

വ്രതാനുഷ്ഠാനങ്ങൾ പാലിച്ച് സന്യാസജീവിതം നയിച്ചിരുന്നതെന്ന് അനുമാനിക്കാം.

അന്ത്രയോസിന്റെ ജ്യേഷ്ഠനാണ് പത്രോസ് എന്ന വാദം പ്രബലമാണ്. അന്നത്തെ സമൂഹം ജ്യേഷ്ഠന് അനുജനേക്കാൾ പ്രാമുഖ്യം നൽകിയിരുന്നു. അതുകൊണ്ടായിരിക്കണം ശ്ലീഹായെ പ്രധാനിയാക്കിയതെന്ന് കരുതപ്പെടുന്നു. ശ്ലീഹന്മാരുടെ പട്ടികയിൽ അന്ത്രയോസ് രണ്ടാമനായും (മത്താ. 10:2; ലൂക്കൊ. 6:14) മറ്റുചില സന്ദർഭങ്ങളിൽ നാലാമനായും കാണുന്നു (മർക്കൊ. 3:18; 13:3; അപ്പൊ. പ്ര. 1:13).

അന്ത്രയോസ് ശ്ലീഹാ മറ്റുള്ളവരെ യേശുവിന് പരിചയപ്പെടുത്തുന്ന യഥാർത്ഥ ക്രിസ്ത്യാനിയാണ്. തന്റെ സഹോദരനായ പത്രോസിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതുപോലെ (യോഹ. 1:41–42) അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച സംഭവത്തിന് കാരണമായ, അപ്പം കൈവശമുണ്ടായിരുന്ന ബാലനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതും (യോഹ. 6:8–9) അന്ത്രയോസാണ്.

സുവിശേഷവേലയ്ക്കായി ഏ. ഡി. 41നു ശേഷം യോർദ്ദാൻ, അറേബ്യ, ഫിനിഷ്യ (ആധുനിക ലബനോൻ) ഒസ്രയോൻ (തെക്കുകിഴക്കൻ ടർക്കി) എന്നീ രാജ്യങ്ങളിലെ അറമായ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ ആദ്യം സുവിശേഷം അറിയിച്ചു എന്ന് കരുതപ്പെടുന്നു (Kallarangatt & Puthukulangara, 2001). കൂടാതെ കരിങ്കടലിനു ചുറ്റുമുള്ള കപ്പദോക്യ, ബിഥിനിയ, ഗലാത്തിയ എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ച് ആഖായിലേക്കു പോകുകയും ചെയ്തു (Abdul Ahad, 1948).

അന്ത്രയോസ് ശ്ലീഹായുടെ രക്തസാക്ഷി മരണം ഒരു റോമൻ പ്രവിശ്യ ഗവർണറുടെ കോപം മൂലമായിരുന്നു. ആഖായിയായിലെ (Achaia or Acaia) പെത്രാസ് (Patras or Patrae, Greece) എന്ന സ്ഥലത്തെത്തിയപ്പോൾ അവിടത്തെ ഗവർണ്ണറായ ഈജിയൂസിന്റെ (ആജിയ, Aegeates or Aeagass or Aigeatis) ഭാര്യ മാക്സിമില്ല (മക്സിമീല,

Maximilla) രോഗം ബാധിച്ച് അത്യാസന്ന നിലയിൽ കിട ക്കുകയായിരുന്നു. ശ്ലീഹായെ ഇക്കാര്യമറിയിച്ചതനുസരിച്ച് ശ്ലീഹാ എത്തിയപ്പോൾ കണ്ട കാഴ്ച ഇപ്രകാരമായിരുന്നു. ഭാര്യ മരിക്കുമ്പോൾ ആത്മഹത്യ ചെയ്യുവാനായി ഈ ജിയൂസ് വാളൂരിപ്പിടിച്ചുനിൽക്കുന്നു. ശ്ലീഹാ പ്രാർ ത്ഥിച്ചു സൗഖ്യം പ്രാപിച്ചതിനാൽ മാക്സിമില്ല മിശിഹായെ രക്ഷകനായി സ്വീകരിച്ചു. അവളുടെ ഭർത്തൃസഹോദരനായ സ്ട്രോറ്റോകോസും ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു. തന്റെ ഭാര്യയെയും സഹോദരനെയും ക്രിസ്ത്യാനിയാക്കിയതിൽ കോപിഷ്ഠനായ ഈജിയൂസ് അന്ത്രയോസിനെ തടവിലാക്കി (Kallarangatt & Puthukulangara, 2001).

അന്ത്രയോസ് വിഗ്രഹാരാധനയ്ക്കെതിരെ സത്യവി ശ്വാസം പ്രചരിപ്പിച്ചതിനാൽ ഒരു സംവാദമുണ്ടായി എന്നും, വിചാരണനടത്തിയശേഷം ക്രൂശിക്കുന്നതിന് ഉത്തരവായി എന്നും മറ്റ് എഴുത്തുകാർ രേഖപ്പെടുത്തിയിരിക്കുന്നു (Abdul Ahad, 1948; Mc Birnie, 2002). തടവിലാക്കപ്പെട്ട അന്ത്രയോസ് ശ്ലീഹാ തടവിലുള്ളവരെ മാനസാന്തരപ്പെടുത്തി. ഇതറിഞ്ഞ ഗവർണർ ഏ. ഡി. 69 (62?) നവംബർ 28-ാം തീയതി അന്ത്ര യോസിനെ കുരിശിൽ തറച്ച് കൊല്ലുവാൻ വിധിച്ചു.

ഒലിവുമരം കൊണ്ടുണ്ടാക്കിയ ‘X’ ആകൃതിയിലുള്ള കുരിശ് (St. Andrews Cross) കണ്ടപ്പോൾ അന്ത്രയോസ് ശ്ലീഹാ സ്ലീബായെ സസന്തോഷം ആലിംഗനം ചെയ്തു. ‘സ്ലീബാ വഴി എന്നെ വീണ്ടെടുത്ത കർത്താവ് നീ വഴി എന്നെ കൈക്കൊള്ളുമാറാകട്ടെ’ എന്നു പ്രാർത്ഥിച്ചു. പടയാളികൾ അദ്ദേഹത്തെ കുരിശിൽ തറക്കുന്നതിനു പകരം അതിന്മേൽ മുറുകെ വരിഞ്ഞുകെട്ടി കുരിശ് കുത്തനെ നാട്ടി നിർത്തി. നവംബർ 28 മുതൽ രണ്ടു ദിവസം ശ്ലീഹാ കുരിശിൽ കിടന്ന് വിശപ്പും ദാഹവും വേദനയും അനുഭവിച്ചു. ഈ സമയമത്രയും ശ്ലീഹാ ദൈവികകാര്യങ്ങൾ പ്രസംഗിച്ചതായി പറയപ്പെടുന്നു.

ശ്ലീഹായെ ക്രൂശിച്ചപ്പോൾ ഇരുപതിനായിരത്തോളം വിശ്വാസികൾ ഒരുമിച്ചുകൂടുകയും അവരെ കണ്ട് ഈജിയൂസ്, ശ്ലീഹായുടെ കെട്ടുകൾ അഴിച്ച് താഴെയിറക്കുന്നതിനാജ്ഞാപിച്ചു. എന്നാൽ പടയാളികൾ നീട്ടിയ കൈകൾ വരണ്ടുപോയി. ശ്ലീഹാ പോരാട്ടം പൂർത്തിയാക്കുന്നതിനു മുൻപ് അരമണിക്കൂർ സമയം തന്റെ മുഖം ശോഭിച്ച് നിദ്രപ്രാപിച്ചു. ഇത് ഏ. ഡി. 69 (62?) നവംബർ 30-ാം തീയതി സംഭവിച്ചു. ഈജിയൂസിന്റെ ഭാര്യ മാക്സിമില്ലയുടെ സഹായത്തോടെ ശ്ലീഹായുടെ ശരീരം പെത്രാസിൽ സംസ്കരിച്ചു.

അന്ത്രയോസ് ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഏ. ഡി. 357ൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ മകനായ കോൺസ്റ്റൻഷിയസ്, ഈസ്താംബൂളിലെ പരിശുദ്ധ അപ്പൊസ്തോലന്മാരുടെ പള്ളിയിലേക്ക് മാറ്റി സ്ഥാപിച്ചു (Hoever, 1989; Mc Birnie, 2002). ഈ ദൈവാലയം ഏ. ഡി. 336-356ൽ കുസ്തന്തീനോസ് ചക്രവർത്തി പണികഴിപ്പിച്ചതാണ്. പരിശുദ്ധ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ നവംബർ 30-ാം തീയതി സഭ ആചരിക്കുന്നു.

# സബ്ദായുടെ പുത്രനായ
# വിശുദ്ധ യാക്കോബ് ശ്ലീഹാ
## (ഏ.ഡി. ? - 44)

വി. യാക്കോബ് ശ്ലീഹാ സബ്ദായുടെയും (മത്താ. 4:21) ശലോമിയുടെയും പുത്രനാണ്. സബ്ദാ ഗലീലയിലെ ബെത് സൈയ്ദായിൽ നിന്നുള്ള ഒരു മീൻപിടുത്തക്കാരനായിരുന്നു (മത്താ. 4:21). ദൈവമാതാവിന്റെ സഹോദരിയായ ശലോമി, മേരി എന്ന പേരിലും അറിയപ്പെടുന്നു.

കർത്താവിന്റെ സഹോദരനും, ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനുമായ മോർ യാക്കോബിൽനിന്ന് (ഗലാ. 1:19) വേർതിരിച്ചറിയുന്നതിന്, സബ്ദായ പുത്രനായ യാക്കോബിനെ വലിയ യാക്കോബ് (James, the Greater) എന്നും കർത്താവിന്റെ സഹോദരനായ യാക്കോബിനെ നീതിമാനായ യാക്കോബ് (James, the just) എന്നുമാണ് വിളിച്ചിരുന്നത്. ശിഷ്യന്മാരിൽ മറ്റൊരുവനായ അൽപായിയുടെ മകനായ യാക്കോബിനെ ഇളയവനെന്ന അർത്ഥത്തിൽ പ്രായത്തിൽ ഇളപ്പമായ യാക്കോബ് അഥവാ ചെറിയ യാക്കോബ് (James, the lesser) എന്നും അറിയപ്പെടുന്നു.

വലിയ മാർ യാക്കോബ്, ശിഷ്യനും സുവിശേഷകനുമായ യോഹന്നാന്റെ മൂത്ത സഹോദരനാണ്. അൽപായിയുടെ മകനായ യാക്കോബിനു മുമ്പ് യേശുവിനാൽ വിളിക്കപ്പെട്ടവൻ എന്ന അർത്ഥത്തിലാണ് യാക്കോബിനെ വലിയ യാക്കോബ് എന്ന് വിളിച്ചിരുന്നതെന്നാണ് മറ്റൊരു പ്രബലമായ നിഗമനം. വലിയ യാക്കോബിന് യേശുവിനേക്കാൾ ഉദ്ദേശം 12 വയസ്സെങ്കിലും കൂടുതലുണ്ടായിരുന്നതായി കരുതുന്നു.

സബ്ദായ പുത്രനായ വലിയ യാക്കോബിനും യോഹന്നാനും ബോവനർഗേസ് (*Boanerges*) എന്നും പേരുണ്ട്. ബോവനർഗേസ് എന്ന ഗ്രീക്കുപദത്തിന് ഇടിമുഴക്കത്തിന്റെ മക്കൾ എന്ന അർത്ഥമാണുള്ളത് (മർക്കൊ. 3:17) ഇടിമക്കൾ എന്ന് വിളിക്കപ്പെട്ട യാക്കോബിന്റേയും യോഹന്നാന്റെയും സ്വഭാവവിശേഷമാണ് ആ പേരിന് അടിസ്ഥാനമെന്നും കരുതുന്നു (*Nelson's Encyclopaedia*, 1913). അവരുടെ തീക്ഷ്ണത (impetuosity), ശുഷ്കാന്തി എന്നീ സ്വഭാവഗുണങ്ങൾ പല സന്ദർഭങ്ങളിലും ശ്രദ്ധേയമാണ്. അവരുടെ പെട്ടെന്ന് ക്ഷോഭിക്കുന്ന സ്വഭാവം (quick temper) കൊണ്ടാണ് ബോവനർഗേസ് എന്ന് വിളിക്കപ്പെട്ടതെന്നും പരാമർശമുണ്ട്. (White, 1991) ബോവനർഗേസ് എന്നത് അറിയപ്പെടാത്ത ഒരു അരമായ പദവിയാണെന്നും അഭിപ്രായമുണ്ട് (*Encyclopedia Americana*, 1988).

ലൂക്കൊ. 9:52– 56 വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്നതുപോലെ യേശു ഊർശ്ലേമിലേക്കു പോകുന്നുവെന്നതിനാൽ ശമര്യക്കാർ യേശുവിനെ സ്വീകരിക്കുന്നതിന് തയ്യാറായില്ല. അതിനാൽ അവരെ അഗ്നിയിറക്കി നശിപ്പിക്കുന്നതിന് സബ്ദായ പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിനോട് അപേക്ഷിക്കുന്നു. മറ്റൊരവസരത്തിൽ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്ന ഒരുവൻ യേശുവിനെ അനുഗമിക്കാത്തതിനാൽ ഇടിമക്കൾ അദ്ദേഹത്തെ വിലക്കി (മർക്കൊ. 9:38).

യേശുക്രിസ്തുവിനോടുകൂടെ പല പ്രധാന സംഭവങ്ങൾക്കും വലിയ മോർ യാക്കോബ് സാക്ഷിയായിരുന്നു. കർത്താവിന്റെ ഏറ്റവും അടുത്ത സഹചാരികളിലൊരുവനായി വലിയ യാക്കോബ് മറുരൂപമലയിലും (മത്താ. 17:1–2), സംഘാലയ പ്രമാണി യായിറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും (ലൂക്കൊ. 8:41–42, 49–56) – ഗത്സീമോനിൽ യേശു പ്രർത്ഥിക്കാൻ പോയപ്പോഴും (മത്താ. 26:37) കൂടെയുണ്ടായിരുന്നു. കാനാവിലെ കല്യാണത്തിലും പത്രൊസിന്റെ അമ്മാവിയമ്മയെ സുഖപ്പെടുത്തിയ സന്ദർഭത്തിലും (മർക്കൊ. 1:29 – 31) വലിയ യാക്കോബ് കൂടെയുണ്ടായിരുന്നു.

വലിയ യാക്കോബ് ജറൂസലേമിലും (ഗലാ. 2:1 – 9) യെഹൂദ്യയിലും സുവിശേഷമറിയിച്ചു. സഭയുടെ കെട്ടുപണിയിൽ, തൂണെന്ന് വലിയ യാക്കോബിനെ പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചിരിക്കുന്നു (ഗലാ. 2:9). ശ്ലീഹന്മാരിൽ ആദ്യ രക്തസാക്ഷിയാണ് വി. യാക്കോബ്. രാജാവായ ഹെറോദ് അഗ്രിപ്പാ ഒന്നാമൻ ശ്ലീഹായെ വാൾകൊണ്ട് വധിച്ചതായി (അപ്പൊ. പ്ര. 12:1 – 2) രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഏ.ഡി. 44 നോടടുത്തായിരുന്നുവെന്ന് ഭൂരിഭാഗം സംശോധിത ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. ശ്ലീഹായെ ജറുസലേമിൽ കബറടക്കിയെന്നും പിന്നീട് തിരുശേഷിപ്പുകൾ പലസ്ഥലങ്ങളിലേക്കും മാറ്റി സ്ഥാപിച്ചുവെന്നും വിശ്വസിക്കപ്പെടുന്നു. സുറിയാനി സഭാ കലണ്ടറനുസരിച്ച് വി. ശ്ലീഹായുടെ പെരുന്നാൾ മെയ് 1-ാം തീയതി സഭ ആചരിക്കുന്നു.

# സുവിശേഷകനായ
# വിശുദ്ധ യോഹന്നാൻ ശ്ലീഹാ
## (ഏ. ഡി. 3 ? - 100)

ബെത്ത്സയിദക്കാരായ സെബദിയുടെയും ശലോമിയുടെയും ഇളയ മകനായ യോഹന്നാൻ ഗലീലയിൽ ജനിച്ചു. സെബദിപുത്രന്മാരായ യാക്കോബും യോഹന്നാനും സ്നാപകയോഹന്നാന്റെ ശിഷ്യന്മാരായിരുന്നു. യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ച്, ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്'' എന്ന് സാക്ഷിച്ചപ്പോൾ (യോഹ. 1:35-37) അന്ത്രയോസിനോടുകൂടെ മശിഹായെ അനുഗമിച്ച ശിഷ്യനാണ് യോഹന്നാൻ (Abdul Ahad, 1948). സെബദിയും പുത്രന്മാരും മീൻപിടുത്തക്കാരായിരുന്നു (മത്താ. 4:21). ഗ്രീക്ക് ഭാഷയും സാഹിത്യവും പരിചിതമായിരുന്ന യോഹന്നാൻ അവിവാഹിതനായിരുന്നു.

യോഹന്നാൻ മറ്റു ശിഷ്യന്മാരിൽ നിന്ന് പല കാരണങ്ങളാൽ വ്യത്യസ്തനായിരുന്നു. യോഹന്നാൻ മറ്റെല്ലാ ശിഷ്യന്മാരെക്കാൾ പ്രായം കുറഞ്ഞവനായിരുന്നു. യേശു ഏറ്റവും സ്നേഹിച്ച ശിഷ്യനെന്ന് പരാമർശിച്ചിരിക്കുന്നത് യോഹന്നാൻ ശ്ലീഹായെക്കുറിച്ചാണ് (യോഹ. 19:26). രക്തസാക്ഷിമരണം പ്രാപിക്കാതിരുന്ന ഏകശിഷ്യനാണ് വി. യോഹന്നാൻ. യേശുവിന്റെ ക്രൂശാരോഹണസമയത്ത് കുരിശിന്റെ ചുവട്ടിൽ മറിയാമിനോടും മറ്റു സ്ത്രീകളോടും കൂടെ ഉണ്ടായിരുന്ന ഏകശിഷ്യനാണ് യോഹന്നാൻ. യോഹന്നാനെ സഭയുടെ തൂണെന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചിരിക്കുന്നു (ഗലാ. 2:9).

ബ്നായ്റ്ഗേശ് അഥവാ ''ഇടിമുഴക്കത്തിന്റെ മക്കൾ'' എന്നാണ് യാക്കോബും യോഹന്നാനും അറിയപ്പെട്ടിരുന്നത് (മർക്കൊ. 3:17). ഈ പേരിന് അടിസ്ഥാനം അവരുടെ തീക്ഷ്

ണത, ശുഷ്ക്കാന്തി എന്നീ ഗുണങ്ങളാണെന്ന് കരുതപ്പെടുന്നു (മർക്കൊ. 9:38; ലൂക്കൊ. 9:52–56; *Nelson's Encyclopaedia*, 1913).

യേശുക്രിസ്തുവിനോടുകൂടെ, പല പ്രധാന സംഭവങ്ങൾക്കും യോഹന്നാൻ സാക്ഷിയായിരുന്നു. ഏ. ഡി. 28–ൽ യായിറോസിന്റെ മകളെ ഉയർപ്പിച്ചപ്പോഴും (ലൂക്കൊ. 8:41–42; 49–56); പത്രൊസിന്റെ അമ്മാവിയമ്മയെ സുഖപ്പെടുത്തിയ സന്ദർഭത്തിലും (മർക്കൊ. 1:29–31); ഏ. ഡി. 29ൽ മറുരൂപമലയിലും (മത്താ. 17:1–2; മർക്കൊ. 9:2); ഏ. ഡി. 30ൽ ഗത്സീമോനിൽ പ്രാർത്ഥിക്കാൻ പോയപ്പോഴും (മത്താ. 26:37) യോഹന്നാൻ ശ്ലീഹാ കൂടെയുണ്ടായിരുന്നു. കർത്താവിന്റെ കല്ലറയുടെ വാതിൽക്കൽവച്ചിരുന്ന കല്ല് ഉരുട്ടി മാറ്റിയതായി കണ്ട മഗ്ദലനമറിയം ആ വിവരം ശെമഓനെയും യോഹന്നാനെയും അറിയിക്കുന്നതായും അവർ കല്ലറയിലേക്ക് പോകുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ. 20: 2, 8). ശെമഓനും യോഹന്നാനും ഒരുമിച്ച് ദൈവാലയത്തിലേക്ക് പോകുമ്പോൾ മാതാവിന്റെ ഉദരം മുതൽ മുടന്തനായ ഒരുവനെ സൗഖ്യമാക്കുന്നതായും കാണുന്നു (അപ്പൊ. പ്ര. 3: 1–8).

യേശുമശിഹായുടെ ക്രൂശാരോഹണത്തിനുശേഷം യോഹന്നാൻ തന്റെ ശിഷ്ടായുസ്സ് ഊർശ്ലേമിലും എഫേസോസിലുമായി ചിലവഴിച്ചു (Hoever, 1989). യോഹന്നാന് യെരൂശലേമിൽ സ്വന്തമായി ഒരു വീടുണ്ടായിരുന്നു. യെരൂശലേമിന്റെ നാശത്തിനു തൊട്ടുമുൻപായി എഫേസോസിലേക്ക് മാറി താമസിച്ചു. (Mc Birnie, 2002) യേശുവിന്റെ അമ്മ മറിയാമിനെ യേശു യോഹന്നാനെ ഭരമേല്പിച്ചതിനാൽ (യോഹ. 19:25–27) വി. കന്യകമറിയാം യോഹന്നാനോടുകൂടെ താമസിച്ചു. യോഹന്നാൻ ഏ. ഡി. 52 വരെ യെരൂശലേമിൽ താമസിക്കുകയും പിന്നീട് എഫേസോസിലേക്കു പോകുകയും ചെയ്തു. (Moothedan, 2001).

ഡയാനാ ദേവിയുടെ പുരോഹിതൻ ഒരിക്കൽ യോഹന്നാനെ വെല്ലുവിളിച്ചെന്നും, ഹെലോക് വിഷം കുടിപ്പിച്ചെന്നും

(Kallarangatt & Puthukulangara, 2001)എന്നിട്ടും യാതൊരാപത്തും ഉണ്ടായില്ലെന്നും ചില എഴുത്തുകാർ രേഖപ്പെടുത്തിയിട്ടുണ്ട് (Day, 2002). ഏ. ഡി. 95ൽ ഡൊമിഷ്യൻ (ദൊമത്തിയാനോസ്) ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് യോഹന്നാനെ റോമിലേക്ക് കൊണ്ടുപോകുകയും സൈത്തെണ്ണയിലിട്ട് വറുത്തെങ്കിലും യാതൊന്നും സംഭവിച്ചില്ലെന്ന് തെർത്തുല്യൻ രേഖപ്പെടുത്തിയിട്ടുണ്ട് (Moothedan, 2001; Kallarangatt & Puthukulangara,2001). യോഹന്നാനെ പിന്നീട് ഒരു വർഷത്തേക്ക് (ഏ. ഡി. 95-96) പത്മോസ് ദ്വീപിലേക്കു നാടുകടത്തി.

വി. യോഹന്നാൻ ശ്ലീഹാ ഏഷ്യാമൈനറിൽ (Turkey) നിരവധി പള്ളികൾ സ്ഥാപിച്ചു. സുവിശേഷവും മൂന്നു ലേഖനങ്ങളും, യോഹന്നാനുണ്ടായ വെളിപ്പാടും ശ്ലീഹാ എഴുതിയതാണ്. വി. സുവിശേഷം എഫേസോസിൽവച്ചും വെളിപ്പാടുപുസ്തകം പത്മോസ് ദ്വീപിൽവച്ചും എഴുതിയെന്ന് കരുതപ്പെടുന്നു.

വളരെ പ്രായമായതിനുശേഷം മറ്റു ശിഷ്യന്മാരുടെയെല്ലാം രക്തസാക്ഷി മരണത്തിനുശേഷം, ഉദ്ദേശം 97 വയസ്സുള്ളപ്പോൾ ഏ. ഡി. 100ൽ വി. യോഹന്നാൻ നിര്യാതനായി. ശ്ളീഹായുടെ അവസാനനാളുകളിൽ വൃണവും വേദനയും ഉണ്ടായിരുന്നു. ശിഷ്യന്മാർ അദ്ദേഹത്തെ എടുത്തുകൊണ്ട് ദൈവാലയത്തിൽ വന്നിരുന്നു. മരണം സമീപക്കയാണെന്നു മനസ്സിലാക്കിയ ശ്ലീഹാ തന്റെ കുഴിമാടത്തിലേക്ക് കൊണ്ടുപോകുന്നതിന് ശിഷ്യന്മാരോടാവശ്യപ്പെട്ടു. അവിടെയെത്തി ശ്ളീഹാ പ്രാർത്ഥിച്ചു. ''കർത്താവായ യേശുവേ നീ എന്നോടുകൂടെ ഉണ്ടായിരിക്കണമേ'' അനന്തരം ശ്ളീഹാ നിദ്ര പ്രാപിച്ചു (Kallarangatt & Puthukulangara, 2001). എഫേസോസിൽ കബറടക്കുകയും കബറിടത്തിനു മുകളിൽ ഒരു പള്ളി പണിയുകയും ചെയ്തു. പിന്നീട് ഈ കബറിടപള്ളി ഒരു മുസ്ലീം പള്ളിയായി രൂപാന്തരപ്പെടുത്തി (Hoever, 1989). വി. യോഹന്നാൻ ശ്ലീഹായുടെ പെരുന്നാൾ മെയ് 8-ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു.

# വിശുദ്ധ ഫിലിപ്പോസ് ശ്ലീഹാ

**(എ. ഡി. 3? - 89/90)**

ഫിലിപ്പോസ് ബെദ്സൈദായിൽ ജനിച്ചു. (യോഹ. 1:44; 12:21) ഇദ്ദേഹം പത്രോസിന്റെ സുഹൃത്തും ഒരു മീൻപിടുത്തക്കാരനും ആയിരുന്നു. ഫീലിപ്പോസ് സെബലൂൻ ഗോത്രക്കാരനോ ആശീർഗോത്രക്കാരനോ എന്ന് ഖണ്ഡിതമായി പറയുന്നതിന് മതിയായ ചരിത്രരേഖകളില്ല. ഫിലിപ്പോസ് എന്ന ഗ്രീക്ക് പദത്തിന് കുതിരയുടെ സ്നേഹിതൻ എന്നാണർത്ഥം.

യേശു ഫിലിപ്പോസിനോട്: 'എന്നെ അനുഗമിക്ക' എന്ന് കല്പിച്ചതനുസരിച്ച് യേശുവിനെ അനുഗമിച്ചു. അതിനടുത്ത ദിവസം തന്നെ ഫിലിപ്പോസ് സ്നേഹിതനായ നാഥാനിയേലിനെ കണ്ട് അവനെ യേശുവിന്റെ അടുക്കലേക്ക് ആനയിച്ചു (യോഹ. 1:43-51). നഥാനിയേൽ യേശുവിൽ വിശ്വസിക്കുന്നതിനിടയായത് ഫിലിപ്പോസിന്റെ ക്രിസ്തീയ ദൗത്യത്തിന്റെ ആദ്യഫലമാണെന്നു പറയാം.

കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച സന്ദർഭത്തിൽ ഇവരെല്ലാം ഭക്ഷണം കഴിക്കത്തക്കവണ്ണം നാം എവിടെനിന്ന് അപ്പം വാങ്ങും എന്ന് ഫിലിപ്പോസ് യേശുവിനോട് ചോദിക്കുന്നതായിക്കാണാം (യോഹ. 6:5-13). ശ്ലൈഹിക സമൂഹത്തിന്റെ കാര്യാന്വേഷകനായിരുന്നു ഫിലിപ്പോസ് ശ്ലീഹാ.

ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ അന്ത്യനാളുകളിൽ, പെസഹാ പെരുനാളിൽ സംബന്ധിക്കുന്നതിനായി ഏതാനും ഗ്രീക്കുകാർ വന്നിരുന്നു. അവർ ഫിലിപ്പോസിനോട് യേശുവിനെ കാ

ണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു (യോഹ. 12:20–22). ഫിലിപ്പോസ് എന്ന പേര് ഒരു സാധാരണ ഗ്രീക്ക് നാമമായതുകൊണ്ടായിരിക്കാം അവർ ഫിലിപ്പോസിനോട് ഈ ആവശ്യം ഉന്നയിച്ചത്. ഫിലിപ്പോസ് വിജാതീയരുടെ സ്നേഹിതനായതിനടിസ്ഥാനം അദ്ദേഹത്തിന്റെ ഗ്രീക്കുനാമമാണെന്ന് അഭിപ്രായമുണ്ട്.

കർത്താവിന്റെ അന്ത്യ പ്രബോധനത്തിൽ ''നിങ്ങളുടെ ഹൃദയം ചഞ്ചലപ്പെടരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, . . . എന്നിൽ കൂടെയല്ലാതെ ആരും എന്റെ പിതാവിന്റെ സന്നിധിയിലേക്കു വരികയില്ല. എന്നെ നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും നിങ്ങൾ അറിയുമായിരുന്നു'' എന്നിങ്ങനെ പറഞ്ഞപ്പോൾ ഫിലിപ്പോസിന് കാര്യങ്ങൾ വ്യക്തമായില്ല. ഫിലിപ്പോസ് യേശുവിനോട്: ''മോറാൻ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണമേ, ഞങ്ങൾക്ക് അതു മതി എന്നു പറഞ്ഞു'' (യോഹ. 14: 1–14). അതിനു യേശു: ഈ കാലമെല്ലാം ഞാൻ നിങ്ങളോടുകൂടെയിരുന്നിട്ടും ഫിലിപ്പോസേ നീ എന്നെ അറിഞ്ഞില്ലയോ? യേശുവിനെ കാണുന്നവൻ ദൈവത്തെ കാണുന്നുവെന്ന ക്രൈസ്തവ മാർഗത്തിന്റെ അടിസ്ഥാനം ഫിലിപ്പോസ് അന്നു ഗ്രഹിച്ചു.

ഫിലിപ്പോസ് ശമര്യയിൽ (എ. ഡി. 36) സുവിശേഷം പ്രസംഗിച്ചു. മാന്ത്രികവിദ്യ നടത്തിയിരുന്ന സീമോൻ ഫിലിപ്പോസിൽ നിന്ന് മാമോദീസ സ്വീകരിച്ചു (അപ്പൊ. പ്ര. 8:9–12). ഗാസയിൽ വച്ച്, എത്യോപ്യായിൽ നിന്ന് യെരൂശലേമിൽ വന്ന ഷണ്ഡനെ ഫിലിപ്പോസ് സ്നാനപ്പെടുത്തി (അപ്പൊ. പ്ര. 8:35–39).

ഫിലിപ്പോസ് ശ്ലീഹായ്ക്കു ഹോർമിയോൻ, കാർലൈൻ, ഇറായിസ്, യൂറ്റികെയിൻ എന്നീ നാലു പെൺമക്കളുണ്ടായിരുന്നു (Kallarangatt & Puthukulangara, 2001). മൂന്നു പെൺമക്കളായിരുന്നുവെന്നും (Abdul Ahad, 1948) രേഖപ്പെടുത്തിയിട്ടുണ്ട്. ഫിലിപ്പോസ് ശ്ലീഹായുടെ ഭാര്യയും മക്കളും

സുവിശേഷവേലയിൽ അദ്ദേഹത്തെ സഹായിച്ചിരുന്നു. ഏ. ഡി. 90 നോടടുത്ത് (ഏ. ഡി. 80?) 87-ാമത്തെ വയസ്സിൽ ടർക്കിയിലെ ഹിരാപ്പോലീസിൽ വച്ച് (Mc Birnie, 2002) ഫിലിപ്പോസ് ശ്ലീഹാ രക്തസാക്ഷിമരണം വരിച്ചു. ഹിരാപ്പോലീസ് ലവദോസ്യായിൽ നിന്ന് 6 മൈലും കൊലോസ്യയിൽനിന്ന് 16 മൈലും ദൂരത്തിൽ സ്ഥിതി ചെയ്യുന്ന പട്ടണമാണ്. ഡൊമനീഷ്യൻ ചക്രവർത്തിയുടെ കാലത്ത് ഫീലിപ്പോസ് ശ്ലീഹായെ തലകീഴായി കുരിശിൽ തൂക്കിയെന്നാണ് പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധ ഫിലിപ്പോസ് ശ്ലീഹായുടെ ഓർമ്മ നവംബർ 14-ാം തീയതി സഭ ആഘോഷിക്കുന്നു.

# വിശുദ്ധ ബർത്തുൽമായി ശ്ലീഹാ

**(? - എ. ഡി. 62?)**

ബർത്തുൽമായി ഗലീലയിലെ കൊത്തിനെ പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹം ആശിർ ഗോത്രക്കാരനോ യിസ്സാഖർ ഗോത്രക്കാരനോ എന്ന് ഉറപ്പിച്ചു പറയത്തക്ക ചരിത്രരേഖകളില്ല (Abdul Ahad, 1948). ഇദ്ദേഹത്തിന്റെ ആദ്യത്തെ പേര് യേശു എന്നായിരുന്നു. ഗുരുവിന്റെ പേരിൽനിന്ന് വ്യത്യസ്തനായി അറിയപ്പെടുന്നതിന് (Joseph, 2005) തുൽമായിയുടെ പുത്രൻ (Son of Tolmai) എന്നർത്ഥമുള്ള ബർത്തുൽമായി എന്ന പേര് സ്വീകരിച്ചുവെന്ന് കരുതപ്പെടുന്നു (White, 1991).

സുവിശേഷങ്ങളിലും (മത്താ. 10:3; മർക്കൊ. 3:18; ലൂക്കൊ. 6:14) അപ്പൊ. പ്ര. 1:13ലും ബർത്തുൽമായിയുടെ പേര് ശ്ലീഹമാരുടെ പട്ടികയിൽ കാണാവുന്നതാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ (യോഹ. 21:2) പരാമർശിക്കുന്ന 'ഗലീലയിലുള്ള കാനയിലെ നഥനയേൽ' ബർത്തുൽമായി (Bartholomew) ആണെന്ന അഭിപ്രായം ചരിത്രകാരന്മാർക്കിടയിൽ പ്രബലമാണ് (Mc Birnie, 2002; Kallarangatt & Puthukulangara, 2001).

ഫിലിപ്പോസാണ് നഥാനിയേലെന്നു കരുതപ്പെടുന്ന ബർത്തുൽമായിയെ കണ്ടെത്തുന്നതും യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നതും (യോഹ. 1:45-51). ഫിലിപ്പോസും നഥാനിയേലും സ്നേഹിതന്മാരായിരുന്നു. അവർ മിശിഹായുടെ വരവിനെ കാത്തിരിക്കുന്നവരായിരുന്നു. ആ അവസരത്തിലാണ് ഫിലിപ്പോസിനെ യേശു വിളിക്കുന്നത് (യോഹ. 1:43). മിശിഹായെ അനുഗമിച്ച ഫിലിപ്പോസ് തന്റെ സ്നേ

ഹിതനായ നഥാനിയേലിനെ ഈ കണ്ടെത്തൽ അറിയിക്കുന്നത് യാദൃശ്ചികമല്ല. 'ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു. അവൻ യൗസേഫിന്റെ പുത്രനായ യേശു എന്ന നസ്രേത്തുകാരൻ തന്നെ എന്നു പറഞ്ഞു' (യോഹ. 1:45). നസ്രത്തിൽ നിന്നും നന്മയുണ്ടാകാനിടയില്ല എന്നായിരുന്നു യെഹൂദന്മാരുടെ പരമ്പരാഗത വിശ്വാസം. ഇതിനു കാരണം പഴയനിയമത്തിൽ നസ്രേത്തിനെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല എന്നതാണ്. ഫിലിപ്പോസ് നഥാനിയേലിനെ യേശുവിങ്കലേക്കു ക്ഷണിച്ചുകൊണ്ടു പറഞ്ഞു: 'വന്നു കാണുക'. യേശുവും നഥാനിയേലുമായുള്ള കൂടിക്കാഴ്ച വിശ്വാസത്തിന്റെയും കാത്തിരിപ്പിന്റെയും പൂർത്തീകരണത്തിന് കാരണമാകുന്നതായി കാണാം (യോഹ. 1: 47–51).

പെന്തിക്കൊസ്തിക്കുശേഷം യമൻ, അറേബ്യ, ഏഷ്യാമൈനർ, പാർത്യ (Parthia in modern Iran) എന്നീ സ്ഥലങ്ങളിൽ ബർത്തുൽമായി സുവിശേഷം അറിയിച്ചു (*Encyclopeadia Britannica*, 1988). ടർക്കിയിലെ ഹിരയാപ്പോലീസിൽ ഫിലിപ്പോസ് ശ്ലീഹായോടുകൂടി ക്രൂശിക്കപ്പെടാനിരുന്നെങ്കിലും (Mc Birnie, 2002) ആ സമയത്തുണ്ടായ ഭൂമികുലുക്കം നിമിത്തം (Abdul Ahad, 1948) രക്ഷപെട്ടു വലിയ അർമ്മേനിയയിലേക്ക് (Greater Armenia) പോയി. പിന്നീട് കാസ്പിയൻ കടലിനു സമീപമുള്ള ലുക്കാനിയ (Lycaonia, in modern Turkey) യിലെത്തി. ഈ സ്ഥലം Albanopolis അഥവാ Urbanopolis (Derband, on the west coast of the Caspian Sea) എന്നാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ആധുനിക Azerbaijan എന്നറിയപ്പെടുന്ന ഈ സ്ഥലം ഇറാനിലും സോവിയറ്റ് യൂണിയനിലും ഉൾപ്പെട്ടു കിടക്കുന്നു (White, 1991; Mc Birnie, 2002).

അസർബൈജാനിൽ യാത്ര ചെയ്യുമ്പോൾ വിഗ്രഹാരാധനക്കാരുടെ പ്രേരണയാൽ നാടുവാഴിയായ ഹേറസ്തിക് (അസ്ത്രിയാജിസ്, Astyages) ബർത്തുൽമായി ശ്ലീഹായെ തൊലിയുരിച്ച് തലകീഴായി ക്രൂശിച്ചു. ഈ സംഭവം നടന്നത്

ആഗസ്റ്റ് 24-ാം തീയതിയാണെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനി സഭ പരിശുദ്ധ ബർത്തു ൽമായി ശ്ലീഹായുടെ പെരുന്നാൾ ജൂൺ 11 -ാം തീയതി ആഘോഷിക്കുന്നു.

# മോർ തോമാശ്ലീഹാ
## (എ. ഡി. ? - എ. ഡി. 72)

കർത്താവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനായ തോമാശ്ലീഹാ ഒരു യെഹൂദനായിരുന്നു. അദ്ദേഹം ഗലീലക്കാരനായിരുന്നുവെന്നു കരുതപ്പെടുന്നു (Aphrem, 1964; White , 1991). തോമാശ്ലീഹാ കർത്താവിന്റെ ശിഷ്യനായ സാഹചര്യം വ്യക്തമല്ല. തോമാ എന്ന പേര് അറമായ സുറിയാനിയിൽ ടിയോമ (*Teoma*) എന്നും ഗ്രീക്ക് ഭാഷയിൽ ദിദിമസ് (*Didymus*) (യോഹ. 11:16 ; 20:24) എന്നും അറിയപ്പെടുന്നു. ഈ പദങ്ങൾക്ക് ഇരട്ട (twin) എന്നാണ് അർത്ഥം (*The encylopedia Americana*, 1988, p. 687-688).

തോമാശ്ലീഹായുടെ ഇരട്ട എന്ന പേരിനടിസ്ഥാനം അദ്ദേഹത്തിന്റെ ഇരട്ട സഹോദരനായ ആദായിയാണ്. എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനായ ആദായി ഉറഹായുടെ എപ്പിസ്കോപ്പായായിരുന്നു (Aprem Aboodi, 1966, p. 6; Kurian, 1982, p. 15). തോമാശ്ലീഹാ മീൻപിടുത്തക്കാരനായിരുന്നുവെന്ന അനുമാനത്തിന് വഴിനൽകുന്ന സൂചനകളില്ല. അദ്ദേഹം മരപ്പണിക്കാരനായിരുന്നുവെന്നു പല എഴുത്തുകാരും അഭിപ്രായപ്പെടുന്നു (*Britannica*, 1988, p. 712).

തോമാശ്ലീഹായുടെ സുവിശേഷ പ്രവർത്തനങ്ങളെ സംബന്ധിച്ച് വി. വേദപുസ്തകത്തിലും ആരാധനാക്രമങ്ങളിലും ചരിത്ര പുസ്തകങ്ങളിലും കൊടുത്തിരിക്കുന്ന വിവരണങ്ങൾ ഓരോന്നായി താഴെ പ്രതിപാദിക്കുന്നു.

വി. വേദപുസ്തകത്തിൽ തോമാശ്ലീഹായെ സംബന്ധിക്കുന്ന പരാമർശങ്ങൾ പരിമിതമെങ്കിലും അവ അദ്ദേഹത്തി

ന്റെ ശ്രദ്ധേയമായ വ്യക്തിത്വവും ഉന്നതമായ ആത്മവൈശി ഷ്ട്യവും വെളിവാക്കുന്നതാണ്. ലാസർ മരിച്ചതിനുശേഷം ബഥാന്യയിലേക്കു പോകുന്നതിന് ഒരുങ്ങുന്ന യേശുവിനെ അനുഗമിക്കുന്നതിന് തോമാശ്ലീഹാ സഹശിഷ്യരോടു പറ യുന്നു:‘‘അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക’’ (യോഹ. 11:16). ഭയപ്പെട്ടിരുന്ന കൂട്ടു ശ്ലീഹന്മാരോടുള്ള പ്രബോധനമായിരുന്നു ഇത്. പ്രതികൂലസാഹചര്യങ്ങളിലും യേശുവിനെ അനുഗമിക്കുന്നതിന് പരസ്പരം ഉത്തേജിപ്പി ക്കുവാനുള്ള ക്രിസ്തു ശിഷ്യന്മാരുടെ ഉത്തരവാദിത്വം തോ മാശ്ലീഹാ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിനോടുകൂടെ മാമോദീസായിലും (കൊലൊ. 2:12). ചിലപ്പോൾ രക്തസാക്ഷി ത്വത്തിലും (യോഹ. 11:16) മരിക്കുന്നത് യഥാർത്ഥ ശിഷ്യത്വ ത്തിന്റെ സ്ഥിരീകരണമാകുന്നു. കർത്താവിനോടുകൂടെ മരി ക്കുന്നതിനുള്ള സന്നദ്ധത ശ്ലീഹാ സ്വജീവിതത്തിൽ പ്രാവർ ത്തികമാക്കി. വിശ്വാസം, വിധേയത്വം, ധൈര്യം എന്നീ ഗുണ ങ്ങൾ മേൽപറഞ്ഞ സംഭവങ്ങളിൽനിന്ന് വിശ്വാസികൾ ഉൾ ക്കൊള്ളേണ്ടതാണ്.

പിന്നീട് യേശുതമ്പുരാൻ തന്റെ മനുഷ്യാവതാര ദൗത്യത്തി ന്റെ മർമ്മങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് പറയുന്നു. ഞാൻ പോ കുന്നിടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. തോമസ് അവ നോട് കർത്താവേ, നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾ അ റിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു. യേശു അവനോട് ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു . . . (യോഹ. 14:4-6). പിതാവിങ്കലേക്കു നാം എത്തുന്നതിനുള്ള മാർഗ്ഗം ക്രിസ്തു വഴിയായി സംസ്ഥാ പിതമായി. ഈ ലോകജീവിതത്തിൽ നാം ആരിലേക്കു യാത്രചെയ്യുന്നുവോ ആ പിതാവ് ലോകത്തിനു വെളിപ്പെടു ത്തിയ സത്യമാണ് ക്രിസ്തു (യോഹ. 1:8). ക്രിസ്തുവിലുള്ള ജീവനാലാകുന്നു (യോഹ. 5:26) നാം ജീവനുള്ളവരായിരി ക്കുന്നത്. നമുക്ക് സമൃദ്ധിയായി ജീവനുണ്ടാകുവാനത്രേ യേശു ലോകത്തിൽ വന്നത് (യോഹ. 10:10, 20:31). നീ എവിടെ പോകുന്നുവെന്ന് ഞങ്ങൾ അറിയുന്നില്ല, പിന്നെ വഴി

എങ്ങനെ അറിയും എന്ന ശിശുപ്രകൃതമായ ചോദ്യമാണ് തോമാശ്ലീഹാ ചോദിക്കുന്നത്. അറിവില്ലാത്തതും ബോധ്യപ്പെടാത്തതും അന്വേഷിക്കുന്ന ആരോഗ്യകരമായ ശ്ലീഹായുടെ സമീപനം നമ്മുടെ ആത്മീയ ജീവിതത്തെ പരിപോഷിപ്പിക്കേണ്ടതാണ്.

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം കാണാതെ വിശ്വസിക്കയില്ലെന്ന തോമാശ്ലീഹായുടെ നിർബ്ബന്ധം (യോഹ. 20:25) കാഴ്ച, സ്പർശനം എന്നിവയാൽ സാധ്യമാകുന്ന വിശ്വാസത്തെ സാധൂകരിക്കുമെങ്കിലും കാണാതെ (ദൈവവചനം കേട്ട്) വിശ്വസിക്കുന്നതിനുള്ള ആഹ്വാനം നല്കുന്നു. കാണാതെ വിശ്വസിക്കുന്നതിനുള്ള ഭാഗ്യാവസ്ഥ നാം ഉൾപ്പെട്ട തലമുറകൾക്കു നൽകിയിരിക്കുന്നു. വീണ്ടും യേശുക്രിസ്തു പ്രത്യക്ഷപ്പെട്ട് തോമാശ്ലീഹായെ ഉറപ്പിക്കുമ്പോൾ (യോഹ. 20:27-28) ശ്ലീഹായുടെ ഏറ്റുപറച്ചിൽ: ''എന്റെ കർത്താവും ദൈവവും.'' ക്രിസ്തുവിന്റെ രക്ഷാകര നടപടികളുടെ ആകെ തുകയും വിശ്വാസത്തിന്റെ അടിസ്ഥാനവുമാണ്. തിബര്യോസ് കടല്ക്കരയിലും (യോഹ. 21:2) കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമ്പോഴും (മർക്കൊ. 16:19) മാർ തോമാശ്ലീഹാ ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

ആരാധനാക്രമങ്ങളിലും പ്രാർത്ഥനകളിലും സുറിയാനി സഭാപിതാക്കന്മാരുടെ എഴുത്തുകളിലും മോർ തോമാശ്ലീഹായെപ്പറ്റി പരാമർശിക്കുന്നുണ്ട്. സുറിയാനി സഭാപിതാക്കന്മാരായ മാർ അപ്രേം (306-373) നസിയാൻസിലെ ഗ്രിഗോറിയോസ് (330-395), മാർ ഈവാനിയോസ് (347-407), സാരൂഗിലെ മാർ യാക്കോബ് (451-521) എന്നിവരുടെ രചനകളിൽ മാർ തോമാശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷവേലയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട് (Panicker, 1989:Koodapuzha, 1984; Kolangadan, 1995-96). മേൽപറഞ്ഞ പിതാക്കന്മാരുടെ രചനകളുടെ അടിസ്ഥാനം തോമായുടെ നടപടികൾ (*Acts of St. Thomas*) എന്ന ഇതര കാനോനിക ഗ്രന്ഥമാണെന്നും കരുതപ്പെടുന്നു. ചരിത്രപരമായ തെളിവുകൾക്ക് വിശ്വാസ്യത ഇല്ലെന്നും (White, 1991, p. 359) ഉണ്ടെന്നും (Kolangadan

1995-96) അഭിപ്രായമുണ്ട്. ചരിത്രപരമായ പല താളിയോലകളും ശിലാ ലിഖിതങ്ങളും തമിഴ് രചനകളും 19-ാം നൂറ്റാണ്ടിൽ കണ്ടെടുത്ത നാണയങ്ങളും പരസ്പരം ബന്ധിപ്പിച്ച് സിദ്ധാന്തീകരണങ്ങൾ (D'souza, 1952; Paul, 1997) അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്. എന്തായാലും വി. മോർ തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ചുവെന്ന് വ്യാപകമായി വിശ്വസിച്ചുവരുന്നു. അതിനടിസ്ഥാനം സുറിയാനി സഭാപിതാക്കന്മാർ നാലും അഞ്ചും നൂറ്റാണ്ടുകളിൽ എഴുതിയ പ്രാർത്ഥനകളാണ്.

സാരൂഗിലെ മോർ യാക്കോബിന്റെ മെമ്രായിൽ സുവിശേഷവേലയ്ക്കുവേണ്ടി ഭൂലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയക്കപ്പെടുന്നതിന് നറുക്കെടുത്തപ്പോൾ ഇന്ത്യയിലേക്കുള്ള നറുക്ക് തോമാശ്ലീഹായ്ക്കു വീണു. (ഇതേ വിവരണം *തോമായുടെ നടപടികൾ* എന്ന ഇതര കാനോനിക ഗ്രന്ഥത്തിലും കാണുന്നു) കറുത്തവരും വിരൂപരും, ഹൃദയത്തിന് അന്ധത ബാധിച്ചവരുമായ ഇന്ത്യാക്കാരുടെ അടുക്കൽ പോകുന്നതിന് തോമാശ്ലീഹാ വിസമ്മതിച്ചു (Panicker, 1989). തുടർന്ന് കർത്താവ് ആ(ഹാ)ബാൻ എന്ന കച്ചവടക്കാരന് (അവന്റെ രാജാവിനുവേണ്ടി) തോമാശ്ലീഹായെ അടിമയായി വിറ്റുവെന്നു രേഖപ്പെടുത്തിയിരിക്കുന്നു (White, 1991).

ഒരു കെട്ടിടം പണിയുന്നതിനുവേണ്ടി പണിക്കാരനെന്ന നിലയിൽ തോമാശ്ലീഹായ്ക്കു രാജാവ് 20 വെള്ളിനാണയങ്ങൾ കൊടുത്തു. പുതു ഞായറാഴ്ചയിലെ പ്രഭാതത്തിന്റെ കോലോകളിൽ, ‘‘രാജാവു കണ്ട സ്വപ്നപ്രകാരം അവനു കോവിലകം ഉണ്ടാക്കുന്നപണിക്കാരനെ അന്വേഷിപ്പാൻ അവൻ കച്ചവടക്കാരനായ ഹാബാനെ അയയ്ക്കുകയും ഇന്ത്യയിൽ സുവിശേഷം പ്രസംഗിപ്പാനായിട്ട് പണിക്കാരനെന്നുള്ള പേരിൽ കർത്താവെ! നീ തോമ്മായെ അവനു വിൽക്കുകയും ചെയ്തുവല്ലോ . . .’’ (പ്രാർത്ഥനാക്രമം 1981, p. 212) എന്നു നാം പ്രാർത്ഥിക്കുന്നു. ഈ രാജാവ് ഒന്നാം നൂറ്റാണ്ടിൽ തക്ഷശില കേന്ദ്രമാക്കി ഭരണം നടത്തിയ

ഗാന്ധാര (Gandhara) രാജ്യത്തിലെ ഗോൻഡഫോറസ് (Gondaphorus) രാജാവാണെന്ന് കരുതപ്പെടുന്നു (Kolangadan, 1995 - 96). ഗോൻഡഫോറസ് രാജാവിന്റെ പേര് ഗുഡ്നാഫർ (Gudnapher) എന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നു (Menachery, 1973). "Some coins of Gondophares and Gad (രാജാവിന്റെ സഹോദരന്റെ പേര്) were discovered in North India in the ninteenth century. It must be said, however, that it by no means certain that Gondophares of the coins is the same person as Gudnapher of the Acts" (Menachery, 1973, p. 3). ഈ രാജാവ് ഇൻഡോ പാർത്തിയൻ രാജാവെന്നും വിശേഷിപ്പിക്കപ്പെടുന്നുണ്ട്.

വെള്ളി നാണയങ്ങൾ കെട്ടിടം പണിയുന്ന ചിലവിലേക്ക് ഉപയോഗിക്കുന്നതിനു പകരം ശ്ലീഹാ ധർമ്മാർത്ഥ കാര്യങ്ങൾക്കായി ചിലവഴിച്ചു. രാജാവ് ഒരു യാത്ര കഴിഞ്ഞുവന്നപ്പോൾ പണികളൊന്നും നടന്നില്ലെന്നു മനസ്സിലാക്കി ശ്ലീഹായെ തോലുരിച്ചു കൊല്ലുന്നതിനുവേണ്ടി തടവിലാക്കി (White, 1991, p. 360). ആ അവസരത്തിൽ രാജാവിന്റെ സഹോദരൻ മരിക്കുകയും വി. തോമാശ്ലീഹായുടെ നല്ല പ്രവർത്തികളാൽ രാജാവിന് സ്വർഗ്ഗത്തിൽ പണിതിരിക്കുന്ന കൊട്ടാരം കാണിച്ചു കൊടുക്കുകയും സഹോദരനെ (Gad) ഭൂമിയിലേക്ക് മടങ്ങാൻ അനുവദിക്കുകയും ചെയ്തു. മാർ തോമാശ്ലീഹാ (രാജാവിനുവേണ്ടി) സ്വർഗ്ഗത്തിൽ പണിത കൊട്ടാരം രാജാവിനോടു വാങ്ങുന്നതിന് സഹോദരൻ വില പറഞ്ഞു. ഈ സംഭവം രാജാവിന്റെ മാനസാന്തരത്തിനു കാരണമാകുകയും തോമാശ്ലീഹായെ തടവിൽനിന്ന് വിട്ടയയ്ക്കുകയും ചെയ്തു. പുതുഞായറാഴ്ചയിലെ സന്ധ്യയുടെ ബോവുസ്സോ ഈ ആശയം നൽകുന്നുണ്ട്. "ഇന്ത്യയുടെ രാജാവിന് മാർ തോമാശ്ലീഹായെകൊണ്ട് സ്വർഗ്ഗത്തിൽ കോവിലകം പണിയിച്ചവനായ കർത്താവേ . . ."

മോർ തോമാ ശ്ലീഹാ ആദ്യം ഗുഡ്നാഫർ രാജാവിന്റെ സാമ്രാജ്യത്തിലും പിന്നീട് മസ്ദായ് (Mazdai) രാജാവിന്റെ പ്രദേശങ്ങളിലും സുവിശേഷം അറിയിച്ചു (Menachery, 1973,

p. 3). കേരളത്തിൽ യെഹൂദന്മാരായ ശ്ലീഹായുടെ സഹോദരങ്ങൾ താമസിക്കുന്ന ചേരസാമ്രാജ്യത്തിന്റെ അന്നത്തെ തലസ്ഥാനമായ കൊടുങ്ങല്ലൂരിൽ (Muziris) ഏ. ഡി. 52 വന്നിറങ്ങി.

മോർ തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷമറിയിച്ച കാലഘട്ടത്തിൽ ഗോൻഡഫറസ് രാജാവ് മാനസാന്തരപ്പെട്ട സാഹചര്യങ്ങളെപ്പറ്റി വ്യത്യസ്ത സംഭവങ്ങളാണ് പല പുസ്തകങ്ങളിലും കാണുന്നത്. നേരത്തെ പ്രതിപാദിച്ച സംഭവം കൂടാതെ രാജാവിന്റെ സഹോദരനെ (Gad) മരിച്ചതിനുശേഷം ഉയർപ്പിച്ചു എന്നും (Menachery, 1973) രാജാവിന്റെ മകളുടെ വിവാഹവിരുന്നിൽ വച്ച് ശ്ലീഹായെ കവിളത്തടിച്ചുവെന്നും അടിച്ച ആ കൈ പട്ടി കടിച്ചെടുത്തെന്നും (Panicker, 1989, p. 61) അവിടെ ശ്ലീഹാ അത്ഭുതം പ്രവർത്തിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ സംഭവം പുതുഞായറാഴ്ച പ്രഭാതപ്രാർത്ഥനയുടെ ബോവൂസൊയിൽ പരാമർശിക്കുന്നുണ്ട്. മാർ തോമാശ്ലീഹാ ഇന്ത്യയുടെ രാജാവിനാൽ കല്യാണത്തിനു ക്ഷണിക്കപ്പെടുകയും അവിടെ അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും രാജാവും കുടുംബവും വിശ്വസിക്കുകയും ചെയ്തുവല്ലോ. . . (പ്രാർത്ഥനാക്രമം, 1981, p. 213)

തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി ആദ്യം യെഹൂദന്മാരോടും അനന്തരം പുറജാതികളോടും ക്രിസ്തുമാർഗം അറിയിച്ചു. ഏഴ് പള്ളികൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂരടുത്ത് മാല്യങ്കര, കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ), ഗോക്കമംഗലം, പറവൂർ (കോട്ടക്കാവ്), പാലയൂർ എന്നിവയാണ് (D' souza, 1952; Aphrem, 1964). നാല് ബ്രാഹ്മണകുടുംബങ്ങളിൽ നിന്ന് (ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ) പരോഹിതന്മാരെ നിയമിച്ചു. പിന്നീട് ബംഗാൾ കടൽ തീരങ്ങളിലേക്കും മലാക്കയിലേക്കും പോയി എന്നു കരുതപ്പെടുന്നു. ഏ. ഡി. 72ൽ (75 ?) മദ്രാസിലേക്കു തിരികെ വരുമ്പോൾ ഡിസംബർ 18–ാം തീയതി ശൂലമേറ്റ് 21–ാം തീയതി രക്തസാക്ഷി മരണം വരിച്ചു. തോമാശ്ലീഹായെ ശൂലംകൊണ്ടു കുത്തി തൊലിയുരിച്ചുവെന്ന് ചില എഴുത്തുകളിൽ കാണുന്നു. വിശുദ്ധന്റെ ശരീരം മൈലാ

പൂരിൽ സംസ്കരിച്ചു.

ശ്ലീഹായുടെ രക്തസാക്ഷിമരണത്തെ സംബന്ധിച്ച് മൂന്നു വ്യത്യസ്ത വിവരണങ്ങൾ ചില പുസ്തകങ്ങളിൽ കാണുന്നുണ്ടെങ്കിലും (ഉദാ: Menachery,1973, p. 4) ശൂലമേറ്റ് രക്തസാക്ഷിയായി എന്നതാണ് പ്രബലമായ വിശ്വാസം. ഈ രക്തസാക്ഷിമരണം ഡിസംബർ 21, എ. ഡി. 72 നാണെന്ന് പാരമ്പര്യമായി വിശ്വസിച്ചുപോരുന്നു. വി. ശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽനിന്നും ജൂലൈ 3, 394-ാം മാണ്ടിൽ ഉറഹായി (Edessa) ലേക്ക് കൊണ്ടുപോയി. ഓഗസ്റ്റ് 22-ാം തീയതി അവിടെ സ്ഥാപിച്ചു (Aphrem, 1964). അവിടെ ശ്ലീഹായുടെ നാമത്തിൽ ഒരു ദൈവാലയം പണിയപ്പെടുകയും ചെയ്തു. പിന്നീട് ഉറഹായിൽ നിന്നും എ. ഡി. 1258ൽ തിരുശേഷിപ്പുകൾ ചിയോസിലേക്കു (Chios) കൊണ്ടുപോയി എന്നും (*The encyclopedia Americana*, 1988) അതിനു ശേഷം ഇറ്റലിയിലെ ഒർട്ടോണയിലേക്കു (Ortona) കൊണ്ടുപോയി എന്നും (Dsouza, 1952, p. 14; *Britannica*, 1988, p. 712) രേഖപ്പെടുത്തിയിട്ടുണ്ട്. മോർ തോമാശ്ലീഹാ കെട്ടിടം പണിക്കാരുടെ മധ്യസ്ഥനായി അറിയപ്പെടുന്നു.

മോർ തോമാശ്ലീഹായുടെ മഹാമധ്യസ്ഥതയാൽ നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ അംഗീകാരയോഗ്യങ്ങളായി തീരട്ടെ. ശ്ലീഹായുടെ പുണ്യജീവിതം അനുകരിക്കുന്നതിന് ശ്ലീഹായുടെ പെരുന്നാൾ മുഖാന്തരമാകട്ടെ. ശ്ലീഹായുടെ മൂന്നു പെരുന്നാളുകളാണ് പ്രധാനമായും ആചരിക്കുന്നത്.

1. പുതുഞായറാഴ്ച
2. ഡിസംബർ -21 രക്തസാക്ഷിയായ ദിവസം
3. ജൂലൈ 3 തിരുശേഷിപ്പുകൾ മൈലാപ്പൂരിൽനിന്നും എ. ഡി. 394 ൽ ഉറഹായിലേക്ക് കൊണ്ടുപോയ ദിനം. (പല പരിശുദ്ധന്മാരുടേയും ഒന്നിലധികം പെരുന്നാളുകൾക്കടിസ്ഥാനം തിരുശേഷിപ്പുകൾ മറ്റു സ്ഥലങ്ങളിലേക്കു കൊണ്ടുപോയ ദിനങ്ങളാണ്).

## സുവിശേഷകനായ വിശുദ്ധ മത്തായി ശ്ലീഹാ
### (? - ഏ. ഡി. 70 ?)

പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരുവനായ വി. മത്തായി ശ്ലീഹായുടെ ആദ്യപേര് ലേവി എന്നായിരുന്നു. മത്തായി എന്നത് ലേവിയുടെ ക്രിസ്തീയ പേരാണെന്നും അഭിപ്രായമുണ്ട്. മത്തായി എന്ന പദത്തിന് 'യഹോവയുടെ ദാനം' എന്നാണ് അർത്ഥം. ഇദ്ദേഹം ഗലീലായിലെ കപ്പർന്നഹോമിൽ താമസിച്ചിരുന്ന ഒരു യെഹൂദനായിരുന്നു. മത്തായിയെ അൽപായിയുടെ പുത്രൻ ലേവി (Levi, S/o. Alpaeus) എന്നും പരാമർശിച്ചിട്ടുണ്ട് (മർക്കൊ. 2:24). ഇദ്ദേഹമാണ് ഒന്നാമത്തെ സുവിശേഷം എഴുതിയത്.

മത്തായിയുടെ സുവിശേഷത്തിൽ ശ്ലീഹായുടെ പട്ടികയിൽ വി. ശ്ലീഹായെ പരാമർശിച്ച് ചുങ്കക്കാരൻ മത്തായി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ. 10:3). ഗലീലായിലെ തെത്രർക്കായിരുന്ന ഹേറോദ് അന്തിപാസിന്റെ ഭരണസീമയിലൂടെ കടന്നുപോകുന്ന വ്യാപാരസാധനങ്ങളുടെ ചുങ്കം പിരിവിന് മത്തായി നിയമിതനായിരുന്നു (*The New Encyclopaedia Britannica*, 1988, Vol. 7). ചുങ്കം പിരിക്കുന്ന സ്ഥലത്തിരിക്കുമ്പോഴാണ് മത്തായിയെ യേശു വിളിക്കുന്നത് (മത്താ. 9:9, ലൂക്കൊ.5:27). യേശു ചുങ്കക്കാരൻ മത്തായിയുടെ ഭവനത്തിൽ ഭക്ഷണം കഴിക്കുന്നതിനെ വിമർശിക്കുന്ന പരീശന്മാരോട് യേശു മറുപടി പറയുന്നതായി കാണാം (മർക്കൊ. 2:15–17; ലൂക്കൊ. 5:27–30). യേശു മത്തായിയെ വിളിച്ചത് പരസ്യശുശ്രൂഷയുടെ രണ്ടാമാണ്ടിലാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കൈസര്യായിലെ യൗസേബിയോസ് എഴുതിയ (263–339) സഭാചരിത്രത്തിൽ ഏ. ഡി. 140ൽ ഹിയരാപോലീസിലെ (Hi-

erapolis) പപ്പിയാസ്, മത്തായി തന്റെ സുവിശേഷം അറമായ ഭാഷയിൽ എഴുതിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (*The history of the Church* by Eusebius, 3:39) മത്തായിയുടെ ഗ്രീക്ക് ഭാഷയിലുള്ള സുവിശേഷം ഹീബ്രു അല്ലെങ്കിൽ അറമായ ഭാഷയിലെ മൂലകൃതിയുടെ പരിഭാഷയാണെന്ന് ഐറേനിയോസിന്റെ കാലം മുതൽ (c. A. D. 130 - 200) കരുതിവരുന്നു (*Encyclopedia Americana*, 1988, Vol. 18). വി. സുവിശേഷ രചനാകാലത്തെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും ഏ. ഡി. ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണെന്ന് ഉറപ്പിച്ചു പറയാം.

മത്തായിയുടെ സുവിശേഷം പലസ്തീനിലോ സിറിയായിലെ അന്ത്യോഖ്യായിലോ വച്ചെഴുതിയെന്ന് കരുതുന്നു. വിശുദ്ധ ശ്ലീഹ എത്യോപ്യ, പേർഷ്യ, പാർത്ഥിയാ എന്നീ രാജ്യങ്ങളിൽ സുവിശേഷം അറിയിച്ചു. വിശുദ്ധ ശ്ലീഹാ രക്തസാക്ഷിയായി ആദരിക്കപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗം വിജ്ഞാനകോശങ്ങളും രക്തസാക്ഷി മരണത്തിന്റെ വിവരണം നൽകുന്നില്ല. വന്ദ്യ അഫ്രേം ആബൂദി റമ്പാൻ എഴുതിയ *സ്തുതി ചൊവ്വാക്കപ്പെട്ട സുറിയാനിസഭ* എന്ന പുസ്തകത്തിൽ ശ്ലീഹാ ജബാലായിൽവച്ച് മരിക്കുകയും അന്ത്യോഖ്യായിൽ കബറടക്കപ്പെടുകയും ചെയ്തു എന്നും വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പ പരിഭാഷപ്പെടുത്തിയ *വിശുദ്ധ ഗ്രന്ഥത്തിൽ* ശ്ലീഹാ ബലിയർപ്പണസമയത്ത് എത്യോപ്യായിൽവച്ച് വധിക്കപ്പെട്ടു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മോറാൻ മീഖായേൽ റാബോ ബാവായും മോർ ബർസ്ലീബിയും വി. മത്തായി ശ്ലീഹായുടെ കബറടക്കം ജബാലയിലൊ അന്ത്യോഖ്യയിലൊ നടത്തിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (cited in Abdul Ahad , 1948)

സുറിയാനി സഭ വി. മത്തായി ശ്ലീഹായുടെ പെരുന്നാളുകൾ ഫെബ്രുവരി 24, മെയ് 20 (നാല് ഏവൻഗേലിസ്തന്മാരുടെ ഓർമ്മ), ജൂൺ 30 (പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ), ആഗസ്റ്റ് 24, സെപ്റ്റംബർ 21, നവംബർ 16 എന്നീ ആറ് തീയതികളിൽ ആഘോഷിക്കുന്നു.

# അൽഫായി പുത്രനായ
# വിശുദ്ധ യാക്കോബ് ശ്ലീഹാ
### (ബി. സി. 24? - ഏ. ഡി. 62?)

അൽഫായിയുടെ (Alphaeus) മകനായ യാക്കോബ് (ബർ ഹൽഫായി ശെമവൂൻ) യേശുവിന്റെ മാതുലനാണ് (White, 1991). ഗലീല കടലിന്റെ വടക്കുപടിഞ്ഞാറെ തീരത്തുള്ള കഫർന്നഹൂമി ലാണ് യാക്കോബ് ശ്ലീഹാ ജനിച്ചത് (Mc Birnie, 2002). ഇദ്ദേ ഹം മനശ്ശെ ഗോത്രക്കാരനും ഒരു ചുങ്കക്കാരനുമായിരുന്നു (Abdul Ahad, 1948). യാക്കോബിന്റെ അമ്മയായ മറിയം, വി. കന്യകമറിയാമിന്റെ സഹോദരിയാണെന്ന് അഭിപ്രായമുണ്ട് (Hoever, 1989).

കർത്താവിന്റെ കുരിശിനരികെ മഗ്ദലനക്കാരത്തി മറിയവും ചെറിയ (ഇളയ) യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയവും ശലോമിയും (ശോലൂം) ഉണ്ടായിരുന്നു (മർക്കൊ. 15:40). യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മ യുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയവും മഗ്ദലനക്കാരത്തി മറിയവും നിന്നിരുന്നു (യോഹ. 19:25). യാക്കോബിന്റെ അമ്മയായ മറിയം കുരിശിനരികെ നിൽക്കു ന്നതായി മർക്കോസിന്റെ സുവിശേഷത്തിൽ പരാമർശിക്കു മ്പോൾ ക്ലേയോപ്പാവിന്റെ ഭാര്യ മറിയം എന്നാണ് യോഹ ന്നാന്റെ സുവിശേഷത്തിൽ പരാമർശിക്കുന്നത്. ഹൽപ്പായി (Halpphai) എന്ന എബ്രായ പേരിന്റെ തത്തുല്യ ഗ്രീക്ക് നാമമാണ് ക്ലെയോപ്പ (Cleopas) എന്നത് (Kallarangatt & Puthukulangara, 2001).

സെബദി പുത്രനായ യാക്കോബിനേക്കാൾ പ്രായത്തിൽ കുറഞ്ഞവനായതിനാൽ ഹൽഫായിയുടെ മകനായ യാക്കോബ് ചെറിയ യാക്കോബ് എന്നും സെബദിപുത്രനായ യാക്കോബ് വലിയ യാക്കോബ് എന്നും അറിയപ്പെടുന്നു.

ചെറിയ യാക്കോബും കർത്താവിന്റെ സഹോദരനായ യാക്കോബും ഒരേ വ്യക്തിയാണെന്ന വിഷയം ഏറെ ഗവേഷണം ചെയ്യപ്പെട്ടിട്ടുണ്ട് (Mc Birnie, 2002). ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും യെരൂശലേം സഭയിലെ പ്രധാനിയുമായ യാക്കോബ് കർത്താവിന്റെ സഹോദരനാണ്. ഇദ്ദേഹം നീതിമാനായ യൗസേഫിന്റെ ആദ്യ ഭാര്യയിലുള്ള മകനാണ് (Joseph, 2005, p. 21; Abdul Ahad, 1948, p.217). കർത്താവിന്റെ സഹോദരനായ യാക്കോബ് ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നില്ല.

ചെറിയ യാക്കോബ് ഏ. ഡി. 28ൽ മിശിഹായുടെ ശിഷ്യനായി (Abdul Ahad, 1948). പെന്തിക്കൊസ്തി നാളിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം ഗാസാ, സൂർ, അറേബ്യ പ്രദേശങ്ങൾ, ഈജിപ്റ്റ് എന്നീ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. യാക്കോബ് ശ്ലീഹാ ഈജിപ്റ്റിൽവച്ച് ക്രൂശിക്കപ്പെട്ടുവെന്നു കരുതുന്നു. വി. യാക്കോബ് ശ്ലീഹായുടെ ഓർമ്മ ഒക്ടോബർ 23-ാം തീയതി സഭ ആഘോഷിക്കുന്നു.

# വിശുദ്ധ യൂദാ ശ്ലീഹാ
## (? - ഏ. ഡി. 50?)

പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ യൂദാ (Juda or Judah) തദ്ദായി (Thaddaeus) എന്നും ലാബി (Labbaeus) എന്നും അറിയപ്പെടുന്നു. മത്തായി 10:4 ൽ തദ്ദായി എന്ന് മറുപേരുള്ള ലാബി എന്ന പരിഭാഷ ആധുനിക വിവർത്ത കർ വിട്ടുകളഞ്ഞിരിക്കുന്നു.

ഗ്രീക്കു ഭാഷയിൽ 'യാക്കോബിന്റെ യൂദാ' (Juda of James) എന്നു പരാമർശിക്കുമ്പോൾ യാക്കോബിന്റെ മകനായ യൂദാ എന്നു തന്നെയാണർത്ഥം (Mc Birnie, 2002). 'യൂദാസ് യാക്കോ ബോസ്' എന്ന പദം ഗ്രീക്ക് ഭാഷയിൽനിന്ന് ഭാഷാന്തരം ചെയ്തപ്പോൾ ചിലർ 'യാക്കോബിന്റെ സഹോദരൻ' എന്നും (ലൂക്കൊ. 6:16) വേറെ ചിലർ 'യാക്കോബിന്റെ പുത്രൻ' (അപ്പൊ. പ്ര. 1:13) എന്നും ഭാഷാന്തരം ചെയ്തു. പ്ശീത്ത ബൈബി ളിൽ ഈ ഭാഷാന്തരം കൃത്യമായി നടത്തിയിട്ടുണ്ട് (Ab-dul Ahad, 1948). യാക്കോബിന്റെ മകനായ യൂദ (യഹൂദ) എന്നതാണ് ശരി.

ഈസ്കറിയോത്ത യൂദായായി, യൂദാ ശ്ലീഹാ തെറ്റിദ്ധരി ക്കപ്പെടാതിരിക്കുന്നതിന് ഈസ്കറിയോത്താവല്ലാത്ത യൂദാ (യോഹ. 14:22) എന്ന പ്രയോഗവും ശ്രദ്ധേയമാണ്. എന്നാൽ ചരിത്രകാരന്മാർക്കിടയിൽ യൂദായുടെ പിതാവായ യാക്കോബ് ആരെന്നത് തർക്കവിഷയമാണ്. സെബദി പുത്രനായ യാ ക്കോബിന്റെ മകനാണോ? (Mc Birnie, 2002) കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ മകനാണോ? എന്നും സം ശയം പ്രകടിപ്പിക്കുന്നവരുണ്ട്.

കർത്താവിന്റെ സഹോദരനായ യാക്കോബ് അവിവാഹിത നായിരുന്നു എന്നും സന്യാസജീവിതം നയിച്ചിരുന്നു എന്നും പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും ശ്ലീഹായും സഹ ദായുമായ യാക്കോബിനെ അല്ല ഉദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. മാത്രവുമല്ല, യൂദാ എഴുതിയ ലേഖനത്തിൽ (1-ാം വാക്യം) യാക്കോബിന്റെ സഹോദരൻ യൂദാ എന്ന് ലേഖനകർത്താവ് സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

സെബദി പുത്രനായ യാക്കോബിന്റെ പുത്രനാണ് യൂദാ എന്ന് കരുതുന്നത് യുക്തിഭദ്രമായിരിക്കുകയില്ല. കാരണം, സെബദി യുടെ കൊച്ചുമകന് (grandson) ശിഷ്യനാകാൻ പ്രായമുണ്ടാ കുക സംഭവ്യമല്ല. യാക്കോബ് എന്നു പേരുള്ള ഒരാളുടെ പുത്രൻ (Joseph, 2005) എന്ന നിഗമനമായിരിക്കും ഏറ്റവും യോജിച്ചത്.

വി. യൂദാ ശ്ലീഹാ ശമര്യ, മെസപ്പൊട്ടോമിയ, (വടക്കൻ) പേർഷ്യ എന്നിവിടങ്ങളിൽ സുവിശേഷമറിയിച്ചു (Abdul Ahad, 1948; Mc Birnie, 2002). പേർഷ്യയിൽ വച്ച് വൈരാഗ്യ ക്കാരനായ ശെമവൂൻ ശ്ലീഹായെ കണ്ടുമുട്ടുകയും ഒന്നിച്ച് സുവിശേഷവേല ചെയ്യുകയും ചെയ്തു. വി. യൂദാ ശ്ലീഹായെ യർവാദാ ദ്വീപിൽവച്ച് (Abdul Ahad, 1948)) കല്ലെറിഞ്ഞുകൊ ന്നുവെന്നും അതല്ല ബെയ്റൂട്ടിനടുത്തുള്ള അരാത്തസിൽ വച്ച് (Kallarangatt & Puthukulangara, 2001) രക്തസാക്ഷി യായി എന്നും ബെയ്റൂട്ടിൽ (ഓറൂദിൽ എന്ന് Joseph, 2005) അടക്കപ്പെട്ടുവെന്നും കരുതപ്പെടുന്നു. കബറടക്കപ്പെട്ട സ്ഥലം കാരാ കെലിസിയ (Kara Kelesia) ആണെന്നും അഭിപ്രായ മുണ്ട് (Mc Birnie, 2002). വി. യൂദാ ശ്ലീഹായുടെ ഓർമ്മ മെയ് 10-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# വൈരാഗ്യക്കാരനായ വിശുദ്ധ ശെമവൂൻ ശ്ലീഹാ
## (? - ഏ. ഡി. 61?)

യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനായ ശെമവൂൻ ഗലീലയിൽ നിന്നുള്ളവനായിരുന്നു. ഇദ്ദേഹം എഫ്രയിം ഗോത്രക്കാരനും (Abdul Ahad, 1948) ക്ലേയോഫാസിന്റെ(?) മകനുമായിരുന്നു. ശ്ലീഹന്മാരുടെ പട്ടികയിൽ ശെമവൂന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട് എന്നതിൽ കവിഞ്ഞ് വിവരണങ്ങളൊന്നും സുവിശേഷങ്ങളിൽ ലഭ്യമല്ല.

ശെമവൂൻ ശ്ലീഹായെ മത്തായി 10 : 3ൽ ശീമോൻ എന്നും മർക്കൊസ് 3:18ൽ കനാന്യനായ ശീമോൻ (Canaanite or Cananean Simon) എന്നും ലൂക്കൊസ് 6 :15ലും അപ്പൊസ്തോല പ്രവർത്തികൾ 1:13 ലും എരിവുകാരനായ (Zealot) അഥവാ വൈരാഗ്യക്കാരനായ (അത്യുൽസാഹിയായ) ശീമോൻ എന്നുമാണ് പരാമർശിച്ചിരിക്കുന്നത്. കനാന്യനായ ശീമോൻ എന്ന പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ പല ചരിത്രകാരന്മാരും ശെമവൂൻ, കാനായിൽ നിന്നുള്ളവനാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. Simon bears the surname, Kananeos, or the Kananean, often wrongly interpreted to mean "from Cana" Kananaios is the Greek transliteration of an Armaic word, *qena na*, meaning "the zealot" (*Encyclopaedia Britannica*, 1988, Vol. 10, p. 821). എന്നാൽ ശെമവൂൻ കാനായിൽ നിന്നുള്ളവനല്ല, മറിച്ച് തീക്ഷ്ണതയുള്ളവൻ എന്നർത്ഥമുള്ള '*കേനനാ*'എന്ന അറമായ പദത്തിന്റെ വിവർത്തനത്തിൽ വന്ന പാളിച്ചയാണിതിനടിസ്ഥാനം എന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട് (e.g., Kallarangatt & Puthukulangara, 2001). എരിവുകാരനായ (വൈരാഗ്യക്കാരനായ) എന്ന വിശേഷണവും കനാന്യനായ എന്ന സുവിശേഷത്തിൽ കാണുന്ന വിശേഷ

ണവും വ്യത്യസ്തമല്ല എന്ന മേൽപ്പറഞ്ഞ അഭിപ്രായങ്ങൾ അവഗണിക്കാവുന്നതല്ല.

ശെമവൂൻ ശ്ലീഹാ ചെറിയ ശീമോൻ എന്ന പേരിലും; പത്രോസ്, വലിയ ശീമോൻ എന്നപേരിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ചെറിയ ശീമോൻ (വൈരാഗ്യക്കാരനായ) ഒരു സ്വദേശവാദിയും യെഹൂദന്മാരുടെ ആചാരാനുഷ്ഠാനങ്ങളിൽ ഒരു അത്യുത്സാഹിയുമായിരുന്നു (താനോനോ). ഈ തീവ്രമതാനുസാരികളുടെ സംഘത്തിൽ ഉൾപ്പെട്ടതിനാലാണ് എരിവുകാരൻ എന്ന അപരനാമമുണ്ടായത്. Simon was a member of the Zealots, a Jewish group (Nationalists) that fanatically opposed the Romans prior to A.D. 70 (*Encyclopaedia Americana*, 1988; *Encyclopaedia Britannica*, 1988). ഇദ്ദേഹം പലസ്തീൻ അധിനിവേശം നടത്തിയിരുന്ന റോമാക്കാരെ ഓടിക്കാൻ സംഘടിപ്പിക്കപ്പെട്ട സംഘത്തിൽ അംഗമായിരുന്നുവെന്നും അഭിപ്രായമുണ്ട് (Mc Birnie, 2002; Kallarangatt & Puthukulangara, 2001).

പെന്തിക്കോസ്തിക്കുശേഷം പത്രോസ് ശ്ലീഹായോടു കൂടെ ശെമവൂൻ യെരൂശലേമിലും പിന്നീട് സമരിയായിലേക്കും പോയി. ആ പ്രദേങ്ങളിലെ യെഹൂദന്മാർ ശെമവൂന്റെ പ്രസംഗം കേട്ട് അവനെതിരെ ബഹളം കൂട്ടി. അവനെ മർദ്ദിച്ച് പട്ടണത്തിൽ നിന്ന് വെളിയിലാക്കി. അവിടെ ക്രിസ്ത്യാനികളായിരുന്നവരുടെ കൂടെ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ഒരു സംഭവം പുരാതന എത്യോപ്യൻ രേഖയായ ശ്ലീഹന്മാരുടെ സഹനസമരങ്ങളിൽ (*The contendings of the Apostles*) വിവരിച്ചിരിക്കുന്നത് ഇവിടെ ഉദ്ധരിക്കുന്നു (cited in Kallarangatt & Puthukulangara, 2001, p. 343).

ആ പ്രദേശത്തെ യെഹൂദ സിനഗോഗിന്റെ ചുമതലയുണ്ടായിരുന്ന മനുഷ്യന്റെ മകൻ, യാക്കോബ് രോഗം കലശലായി മരിച്ചു. വിശ്വാസികളിലൊരാൾ യാക്കോബിന്റെ ദുഃഖിതനായ പിതാവിനോട് പറഞ്ഞു. മിശിഹായുടെ ശ്ലീഹാ ഇവിടെയുണ്ട് അവൻ മരിച്ച യുവാവിനുവേണ്ടി പ്രാർത്ഥിക്കട്ടെ. പിതാവിന്റെ സമ്മതം വാങ്ങിയ വിശ്വാസി ശ്ലീഹായെ വിളിച്ചു

വരുത്തി. ശ്ലീഹാ പിതാവിനോടു ചോദിച്ചു: 'ക്രൂശിതനായ വൻ ദൈവപുത്രനായ മിശിഹായാണെന്നു നീ വിശ്വസിക്കുന്നുവോ?' പിതാവു മറുപടി പറഞ്ഞു: 'ഞാൻ വിശ്വസിക്കേണ്ടതിന് എന്റെ പുത്രനെ ഉയിർപ്പിക്കണമേ, അവൻ ജീവിച്ചാൽ ക്രൂശിൽ മരിച്ചവൻ ജീവിക്കുന്ന ദൈവമാണെന്നു ഞാൻ വിശ്വസിച്ചുകൊള്ളാം'. ഉടനെ ശിമയോൻ ശ്ലീഹാ കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിച്ചു. ഞങ്ങളുടെ കർത്താവായ ഈശോമിശിഹായേ, പൊന്തിയോസ് പീലാത്തോസിന്റെ കാലത്തു ക്രൂശിതനായവനേ, അങ്ങ് ദൈവമാണെന്ന് ഇവർ വിശ്വസിക്കുന്നതിന് അങ്ങയുടെ ഈ മകനെ ഉയിർപ്പിക്കേണമേ. അങ്ങനെ അങ്ങയുടെ നാമം പൂജിതമാകട്ടെ, ആ നാമത്തിൽ സകലരും വിശ്വസിക്കാൻ ഇടയാകട്ടെ. ശ്ലീഹാ മൃതശരീരത്തിന്റെ അടുത്തെത്തി അവനോടു പറഞ്ഞു: 'കർത്താവീശോമിശിഹായിൽ സകലരും വിശ്വസിക്കേണ്ടതിന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ നീ എഴുന്നേൽക്കുക'. ഉടനെ മരിച്ചുകിടന്നവൻ കണ്ണു തുറന്നു. അവൻ എഴുന്നേറ്റിരുന്നു. അവനു ഭക്ഷണം കൊടുക്കാൻ ശിമയോൻ ശ്ലീഹാ കല്പിച്ചു. അവിടെ കൂടിയിരുന്നവരെല്ലാം ഇതു കണ്ടു വിശ്വസിച്ചു. അവർ ശ്ലീഹായുടെ മുൻപിൽ മുട്ടുകൾ മടക്കി. 'ഞങ്ങൾ എങ്ങനെയാണ് രക്ഷിക്കപ്പെടുന്നത് എന്ന് അവർ ചോദിച്ചു.' വിശ്വസിക്കുക, വിശ്വസിച്ചാൽ നിങ്ങൾ രക്ഷപ്രാപിക്കുമെന്ന് ശ്ലീഹാ പ്രത്യുത്തരമായി പറഞ്ഞു.

വൈരാഗ്യക്കാരനായ ശെമവൂൻ സിറിയയിലെ ആലപ്പോ, മാബൂഗ്, ക്ലേവോദിയ എന്നീ സ്ഥലങ്ങളിൽ സുവിശേഷമറിയിച്ചു (Abdul Ahad, 1948). ശ്ലീഹായുടെ ആസ്ഥാനം കൂറോസ് ആയിരുന്നുവെന്നും അവിടെ ഒരു ദൈവാലയം പണിതുവെന്നും കരുതപ്പെടുന്നു (Abdul Ahad, 1948; Joseph, 2005). വി. യൂദാശ്ലീഹായോടു കൂടെ വി. ശെമവൂൻ പേർഷ്യയിൽ വച്ച് മെയ് 10-ാം തീയതി രക്തസാക്ഷി മരണം (കുരിശിൽ തറയ്ക്കപ്പെട്ടു) പ്രാപിച്ചു (Hoever, 1989; Mc Birnie, 2002; Joseph, 2005).

# വിശുദ്ധ മത്ഥിയാസ് ശ്ലീഹാ

## ( ? - എ. ഡി. 64?)

രൂബേൻ ഗോത്രക്കാരനായ മത്ഥിയാസ് ബേത്‌ലഹേമിൽ ജനിച്ചു (Abdul Ahad, 1948). കർത്താവ് നിയമിച്ച അറിയിപ്പുകാരായ എഴുപതു പേരിൽ ഒരുവനാണ് മത്ഥിയാസെന്ന് ചരിത്രകാരനായ യൂസേബിയോസ് അഭിപ്രായപ്പെട്ടിട്ടുണ്ട് (Hoever, 1989; Mc Birnie, 2002). ഒരു നല്ല കഴിവുറ്റ നായകനായി മത്ഥിയാസ് വിളങ്ങിയതുകൊണ്ടായിരിക്കണം ശ്ലീഹാസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായത്.

യേശുവിനെ കാണിച്ചുകൊടുത്ത യൂദായ്ക്കു പകരം തെരഞ്ഞെടുക്കപ്പെട്ട ശ്ലീഹായാണ് മത്ഥിയാസ്. യെരൂശലേമിൽ വി. മർക്കോസിന്റെ മാളികയിൽ നൂറ്റി ഇരുപതു പേരുള്ള ഒരു സംഘം കൂടിയിരിക്കുമ്പോൾ ശ്ലീഹന്മാരുടെ തലവനായ പത്രോസ് ഒരു ശ്ലീഹായെ തെരഞ്ഞെടുക്കണമെന്ന ആവശ്യം വിശദീകരിക്കുന്നതായിക്കാണാം (അപ്പൊ. പ്ര. 1:15-22). യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ, ശ്ലീഹന്മാരുടെ എണ്ണത്തിൽ ഉൾപ്പെട്ടവനായിരുന്നു എങ്കിലും അവൻ അധ്യക്ഷസ്ഥാനം നഷ്ടപ്പെടുത്തിയതിനാൽ മറ്റൊരാളെ തെരഞ്ഞെടുക്കേണ്ട സാഹചര്യവും ആ തെരഞ്ഞെടുക്കപ്പെടേണ്ട ആളിന്റെ യോഗ്യതയും പത്രോസ് ശ്ലീഹാ വിശദീകരിക്കുന്നുണ്ട്.

‘‘ആകയാൽ യോഹന്നാന്റെ മാമോദീസാ മുതൽ യേശു നമ്മുടെ അടുക്കൽ നിന്ന് സ്വർഗ്ഗാരോഹണം ചെയ്ത നാൾ വരെ താൻ നമ്മുടെ ഇടയിൽ സഞ്ചരിച്ച കാലത്തെല്ലാം ഞങ്ങളോടു കൂടെയുണ്ടായിരുന്നവരിൽ ഒരാളിനെ നമ്മുടെ

കർത്താവായ യേശു മശിഹായുടെ ഉയിർത്തെഴുന്നേൽപ്പിന് ഞങ്ങളോടൊരുമിച്ച് സാക്ഷിയായിരിപ്പാൻ ആവശ്യമാകുന്നു'' (അപ്പൊ. പ്ര. 1:21-22). അവർ യൂസ്തോസ് എന്ന മറുനാമമുള്ള ബർശബ എന്നു വിളിക്കപ്പെടുന്ന യൗസേഫ്, മത്ഥിയാസ് എന്നീ രണ്ടു പേരെ നിർദേശിച്ച് പ്രാർത്ഥിച്ചു. എല്ലാവരുടെയും ഹൃദയത്തിലുള്ളവയെ അറിയുന്നവനായ കർത്താവേ, യൂദാ വേർപെട്ടുപോയ ശുശ്രൂഷയുടെയും ശ്ലൈഹികസ്ഥാനത്തിന്റെയും അവകാശം വഹിക്കുവാനായി ഈ രണ്ടുപേരിൽ ആരെയാണ് അവിടുന്ന് തെരഞ്ഞെടുക്കുന്നത് എന്നു കാണിക്കണമേ. അനന്തരം അവർ ചീട്ടിട്ടു. ചീട്ട് മത്ഥിയാസിനു വീഴുകയും അവൻ പതിനൊന്നു ശ്ലീഹന്മാരോടു കൂടെ എണ്ണപ്പെടുകയും ചെയ്തു.

വി. മത്ഥിയാസ് ശ്ലീഹാ പലസ്തീനിലും കപ്പദൂക്കിയായിലും അബ്സീനിയായിലും സുവിശേഷം അറിയിച്ചു (Abdul Ahad, 1948). അർമ്മേനിയൻ പാരമ്പര്യത്തിൽ ബർത്തുൽമായി, കനാനായക്കാരനായ ശീമോൻ, അന്ത്രയോസ്, തദ്ദേവൂസ്, മത്ഥിയാസ് എന്നിവർ ആ ദേശത്തിന്റെ സുവിശേഷീകരണത്തിൽ മുഖ്യപങ്ക് വഹിച്ചവരാണ് (Mc Birnie, 2002).

വി. മത്ഥിയാസ് ശ്ലീഹായുടെ രക്തസാക്ഷി മരണത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. അതിലൊന്ന് യെരുശലേമിൽവച്ച് യെഹൂദന്മാരാൽ എ. ഡി. 64 മെയ് 14-ാം തീയതി കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു എന്നുള്ളതാണ് (Abdul Ahad, 1948; Mc Birnie 2002). മറ്റൊന്ന് ഏഷ്യാമൈനറിലെ ഒരു ജില്ലയായ കോൾക്കിസിൽ (Colchis, Ethiopia?) വച്ച് രക്തസാക്ഷിയായി എന്നും കരുതപ്പെടുന്നു (Hoever, 1989; White, 1991).

വി. മത്ഥിയാസ് ശ്ലീഹായുടെ തിരുശേഷിപ്പ് ഹെലനി രാജ്ഞി (എ. ഡി. 311-328?) റോമിലേക്ക് കൊണ്ടുപോയി എന്നും പിന്നീട് ജർമ്മനിയിലെ ട്രയറിലേക്കു (Trier) മാറ്റി

സ്ഥാപിച്ചു എന്നും കരുതപ്പെടുന്നു (Mc Birnie, 2002). വി. മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ 12 ശ്ലീഹാമാരുടെ ഓർമ്മ നടത്തുന്ന ജൂൺ 30-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു. ചില പുരാതന സഭാ കലണ്ടറുകളിൽ മാർച്ച് 4നും ആഗസ്റ്റ് 24നും ഈ ഓർമ്മ ആചരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

## References


Abdul Ahad Ramban (1948). *Sabhacharithram* Chingavanam: Rev. Fr. Thakidiyil Yacoub.

Abraham Malpan, K. (1981). *Prarthanakramam* (2nd ed.). Pampakuda: Mor Julius Press.

Aphrem Paulose Ramban (1963). *Vellinakshathrangal*. (Fr. T. J. Abraham, Trans.). Manjhinikkara: Mor Ignatius Dayro.

Aphrem Paulose Ramban (1964). *Sheemakkaraya Pithakkanmar* (Fr. T. J. Abraham, Trans.) Manjanikkara: Mor Ignatius Dayro.

Aprem Aboodi Ramban (1966). *Stuthi chowayakkapetta suriyani sabha.* (Madappattu Yacoub Ramban, Trans). Pathanamthitta: Ajantha Press.

Bernard, R. (1960). *The Mystery of Mary*. (M. A. Bouchard, Trans.). St. Louis: B. Herder Book Co.

*Britannica.* (1988). Britannica Inc.

Cayre, A. A. (1935). *Manual of patrology* (Vol. 1). (A. A.. Howitt, Trans.). Paris: Desclee & Co.

Curian corepiscopa (1982). *Suriyani Sabha.* Thiruvalla: Chev. K.T. Alexander Kaniyanthra.

D'souza, H. (1952). *In the steps of St.Thomas.* Madras: The Diocese of Mylapore.

Day, M. (2002). *A treasury of saints*. London: New Burlington Books.

*Encyclopedia Britannica* (1988). Chicago: Encyclopedia Britannica.

Eusebius (1980). *Ecclesiastical history*. (Vol. 1). (Kirsopp Lake, Trans.). London: Willian Heinemann Ltd.

Hoever, H. (1989). *Lives of saints* (rev. ed.). New York: Catholic Book Publishing Company.

Joseph, P. P. (2005). *Poorvika Sabhapithakkanmarum pothu sunnahadhosukalum.* Changanassery: Mor Adai Study Centre.

Kallarangatt, J. & Puthukulangara, A. (2001). *Panthrandusleehanmar.* Kottayam: (ORISI) Pourastya Vidyapeedam.

Kolangadan, J. (1995-96). The historicity of apostle Thomas evangelisation in Kerala. *The Harp*, VIII & IX, 305-327.

Koodpuzha, S. (Ed.) (1984). *Thirusabha charithram* (2nd ed.). Kottayam: Oriental Institue of Religious Studies.

Macquarrie, J. (1991). *Mary for all christians*. Michigan: William B. Hedermans Publishing Co.

Mc Birnie, W. S. (2002). *The search of the twelve Apostles*. Secunderabad: OM Books.

Menachery, G. (Ed.) (1973). *The St.Thomas Chistian encyclopaedia of India (*(Vol. II). Trichur.

Moothedan, T. (2001). *Anudhina Visudhar* (5th ed.). Trivandrum: Carmel Publishing Centre.

*Nelson's Encyclopaedia.* (1913). New York: Thomas Nelson & Sons.

Panicker, G. (1989). St.Thomas in India according to Jacob of Sarug. *The Harp*, 2, (1 & 2), 59-64.

Paul, B. (1997).*Vedashabda Rathnakaram.* Thiruvananthapuram: The State Institute of Languages.

Pollock, J. (1985). *The Apostle: A life of Paul*. Illinois: Victor Books.

*The Orthodox Study Bible.* (1993). Tennessee: Thomas Nelson Publishers.

*The encyclopaedia Americana.* (1988). Connecticut: Grolier Incorporated.

White, K. (1991). *A guide to the Saints*. New York: Ivy Books.

Yacoub III, Ignatius, H. H. (1985). *The Syrian Orthodox Church.* Holland: St. Ephrem the Syrian Church.

# Name Index

Andrew, the disciple........................................................22
Bartholomew, the disciple................................................35
James, the Disciple..........................................................26
James, the disciple, the son of Alphaeus..........................47
John, the Disciple.............................................................29
Jude, the disciple..............................................................49
Mary, Mother of God .........................................................1
Mathew, the Disciple .......................................................45
Mathias, the disciple ........................................................54
Paul, the Disciple ..............................................................18
Peter, the Disciple .............................................................14
Philip, the disciple.............................................................32
Simon, the Zealot..............................................................51
Thomas, the Disciple .......................................................38

## Books by the Author

1. Rajan, K. M. (1991). *Queen of the  Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead*. New Delhi: NIEPA.
6. Rajan, K. M. (2003).*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും*. (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.
11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.
12. Rajan, K. M. (2009). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IV). Trivandrum: Lotus Publications.
13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.
14. Rajan, K. M. (2011). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. V). Kottayam: The Travancore Syriac Orthodox Publishers.
15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.
16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.
17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.
18. Rajan, K. M. (2016). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.
19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VII). Puthencruz: J.S. C. Publications..

21. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VIII). Puthencruz: J.S. C. Publications.

22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications.

23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications.

24. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.

25. Rajan, K. M. (2017). *Renowned Ascetics: Their Lives & Practices.* Puthencruz: J.S. C. Publications.

26. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും (250 ജീവചരിത്രം).* Puthencruz: J.S. C. Publications.

27. Rajan, K. M. (2017). *വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*. Puthencruz: J.S. C. Publications.

## Books Compiled, Edited & Reprinted

1. *മോർ അന്തോണിയോസിന്റെ ജീവചരിത്രം.* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT

2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED

3. *നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും*. (2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED

4. *സുറിയാനിസഭ പെരുന്നാൾ വിശേഷദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED

6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT

7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

# ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദ ങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കര സ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേ ലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയ ക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീ ത്തായിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർ ക്കീസ് ബാവാ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതി യിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസന പള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-V) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I-VIII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com